# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1762/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/12/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1762/2022 തീയ്യതി: 16/12/2022

## തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 58 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 58 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 26-09-2022 | 03-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-09-2022 | 03-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു.ജി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. പ്രവീൺ.എൻ.ജി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സ്വപ്ന.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശരത്.ജെ.ശങ്കർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പി.മുരളി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദുലേഖ.എസ് | സെക്രട്ടറി | 01-04-2021 | 17-12-2021 |
| ശ്രീ, വിനോദ്കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-12-2021 | 26-12-2021 |
| ശ്രീമതി ബിന്ദുലേഖ.എസ് | സെക്രട്ടറി | 27-12-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ്കുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഡോ. അർനോൾഡ് ദീപക് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ. ഷമ്മി.എ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 22-02-2022 |
| ഡോ. ശിവകുമാർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-03-2022 | 31-03-2022 |
| ഡോ.ബിനു.എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീവിദ്യ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. മനോജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. സൈജു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 15-09-2021 |
| ശ്രീമതി മിഷ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16-09-2021 | 31-03-2022 |
| ശ്രീമതി സുനി | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീ.ഷാഹിദ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അമ്പിളീദേവി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 12-12-2021 |
| ശ്രീ. വിഷ്ണു | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 13-12-2021 | 31-03-2022 |
| ഡോ. സ്മിത തോമസ് | വെറ്ററിനറി സർജൻ | 01-04-2021 | 23-11-2021 |
| ഡോ. അനുപമ | വെറ്ററിനറി സർജൻ | 24-11-2021 | 31-03-2022 |
| ശ്രീമതി രേഖ.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 19-11-2021 |
| ശ്രീമതി ബേനസീർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 20-11-2021 | 31-03-2022 |
| ശ്രീമതി. ബീന .പി.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 03-02-2022 |
| ശ്രീ. പ്രഭുലാൽ .ആർ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 04-02-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റിൽ ഉൾപ്പെടാത്ത ഇനങ്ങളിൽ ചെലവ് | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം | 1-3 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | ക്ഷേമ പദ്ധതികളുടെ വിശദാംശം | 1-5 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി | 1-5-1 |
| 9 | സർവ്വീസ് പെൻഷൻ വാങ്ങുന്ന വ്യക്തികൾ അനർഹമായി തുക കൈപ്പറ്റി | 1-5-2 |
| 10 | ക്യാഷ് പരിശോധന | 1-6 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-8 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 14 | ലേലം തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. | 1-10 |
| 15 | വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ - എണ്ണത്തിൽ ഗണ്യമായ കുറവ് | 1-11 |
| 16 | ഡി & ഒ ലൈസൻസ് - അപാകങ്ങൾ | 1-12 |
| 17 | വാടക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു | 1-13 |
| 18 | ബിൽഡിംഗ് പെർമ്മിറ്റ് -അപാകങ്ങൾ | 1-14 |
| 19 | വസ്തു നികുതി | 1-15 |
| 20 | കെട്ടിടനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതിൽ നടപടിക്രമം പാലിച്ചില്ല | 1-15-2 |
| 21 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത | 1-15-3 |
| 22 | സഞ്ചയ പൊളിച്ചുനീക്കിയ കെട്ടിടം, നികതി ഒഴിവാക്കിയതിലെ അപാകങ്ങൾ | 1-15-4 |
| 23 | റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ കളക്ഷനായി രേഖപ്പെടുത്തി | 1-15-5 |
| 24 | തൊഴിൽ നികുതി പിരിവ് - അപാകതകൾ | 1-16 |
| 25 | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - നടത്തിപ്പിലെ അപാകങ്ങൾ | 1-17 |
| 26 | അങ്കണവാടി കെട്ടിടങ്ങൾക്കുള്ള ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- നടപടി അനിവാര്യം | 1-18 |
| 27 | പഠന മുറി നിർമ്മാണം- കെട്ടിടങ്ങളുടെടെ വിസ്തീർണം കണക്കാക്കുന്നതിൽ അപാകത | 1-19 |
| 28 | ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-20 |
| 29 | കെട്ടിടങ്ങളുടെ വിവരം നികുതി നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.അർഹത മാനദണ്ഡം നിശ്ചയിക്കുന്നതിൽ അപാകത | 1-21 |
| 30 | ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-22 |
| 31 | ജി.ഐ.എസ് മാപ്പിംഗ് പദ്ധതി | 1-23 |
| 32 | ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ-വാഹനം കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കണം. | 1-24 |

| | | |
|---|---|---|
| 33 | വാമനപുരം-കരിന്ത്വാകടവ് തീരസംരക്ഷണം-പരിപാലനത്തിന്റെ അഭാവം-നിർമ്മിതികൾ നാശത്തിന്റെ വക്കിൽ | 1-25 |
| 34 | കുടിവെള്ള ചാർജ്ജ് അടവാക്കൽ - വാട്ടർ അതോറിറ്റിൽ നിന്നുള്ള ബില്ലുകളിലെ കുടിശ്ശിക-വ്യക്തത വരുത്തണം | 1-26 |
| 35 | കമ്പ്യൂട്ടറുകൾക്ക് എ എം സി കെൽട്രോണിന് അധികമായി നൽകിയ തുക ക്രമപ്പെടുത്തണം | 1-27 |
| 36 | എസ്എസ്എ വിഹിതം തെറ്റായ അക്കൗണ്ടിലേയ്ക്ക് ഒടുക്കി-672918 രൂപ ലാപ്സായിരിക്കുന്നു | 1-28 |
| 37 | വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - മോണിറ്ററിംഗ് ഫലപ്രദമല്ല | 1-29 |
| 38 | കേരസമൃദ്ധി പ്രോജക്ട് സംബന്ധിച്ച അപാകതകൾ | 1-30 |
| 39 | ജീവനി പ്രോജക്ട് - ഗുണഭോക്തൃ വിഹിതം ഒടുക്കാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു | 1-31 |
| 40 | സുഭിക്ഷകേരളം - തരിശ് കൃഷി പ്രോജക്ട് അപാകതകൾ | 1-32 |
| 41 | കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പ്-സബ്സിഡി മാർഗ്ഗരേഖ പാലിക്കുന്നില്ല | 1-33 |
| 42 | കാർഷിക മേഖലയിലെ വിവിധ പ്രോജക്ടുകളിലെ അപാകതകൾ | 1-34 |
| 43 | ഡയറി ഫാം ഇൻസ്ട്രക്ടർ- ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല | 1-35 |
| 44 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ പ്രോജക്ടുകളുടെ രേഖകൾ പൂർണമല്ല - 1,91,915/- രൂപ തടസ്സപ്പെടുത്തുന്നു | 1-36 |
| 45 | ബയോഫ്ലോക്ക് മത്സ്യ കൃഷി- മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല | 1-37 |
| 46 | പാഥേയം പ്രോജക്ട് നടപ്പിലാക്കുന്നതിൽ വീഴ്ച-ജില്ലാ പഞ്ചായത്ത് വിഹിതം 180792 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-38 |
| 47 | ദുരിതാശ്വാസ നിധി നിലവിൽ നിർജ്ജീവാവസ്ഥയിൽ | 1-39 |
| 48 | ദുരിതാശ്വാസ നിധി രൂപീകരിച്ച് ജനപ്രതിനിധികൾ ചട്ടവിരുദ്ധമായി പണപ്പിരിവ് നടത്തി - സംഭാവനയായി ലഭിച്ച തുകകളുടെ കണക്കിന്റെ അക്കൗണ്ടിംഗിലും സൂക്ഷിപ്പിലും ഗുരുതരമായ വീഴ്ച | 1-40 |
| 49 | ദുരിതാശ്വാസ നിധി - രസീത് ബുക്കുകൾ സൂക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച | 1-41 |
| 50 | പത്രപ്പരസ്യത്തിന് അധിക നിരക്ക് നൽകി- തുക തിരികെ ഈടാക്കേണ്ടതാണ് | 1-42 |
| 51 | ദേശീയ പെൻഷൻ പദ്ധതി വിഹിതം ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-43 |
| 52 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-44 |
| 53 | തുമ്പൂർമൂഴി മോഡൽ എയ്റോബിക് ബിൻ - പാർവതീപുരം മാർക്കറ്റിൽ പ്രവർത്തനം ആരംഭിച്ചില്ല | 1-45 |
| 54 | മിനി എം സി എഫുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുന്നില്ല | 1-46 |
| 55 | ഓഡിറ്റ് ഇംപാക്ട്- കരാറുകാരന് 1483/- രൂപ അധികമായി നൽകിയത് തിരികെ ഒടുക്കുവരുത്തി | 1-47 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19.02.2021 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 25.03.2022 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 478672377.37/- രൂപ വരവും 468515224/-രൂപ ചെലവും 10157153.37/- രൂപ നീക്കിയിരിപ്പുമാണ്.

### 1-1-1 ബജറ്റിൽ ഉൾപ്പെടാത്ത ഇനങ്ങളിൽ ചെലവ്

1994 പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യ അടിയന്തിര സാഹചര്യത്തിലൊഴികെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടുള്ളതല്ല. 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2021-22 പുതുക്കിയ ബജറ്റും വാർഷിക ധനകാര്യ പത്രികയും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ

A)2021-22 വർഷത്തെ ബജറ്റിൽ(പുതുക്കിയ) വകയിരുത്താതെ വിവിധ ചെലവ് നടത്തിയിട്ടുണ്ട്.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ബജറ്റ് ഹെഡ് ഓഫ് അക്കൌണ്ട് | ഇനം | ബജറ്റ് വകയിരുത്തൽ | എ.എഫ്.എസ്.പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| 1 | 2502001 | Soil And Water Conservation | 0 | 147300 |
| 2 | 2504001 | Environment Conservation | 0 | 17170 |
| 3 | 2512009 | Sanitation | 0 | 1870977 |
| 4 | 2513010 | Special Program For SC | 0 | 2895000 |
| 5 | 2514002 | Special Child Welfare Program | 0 | 55000 |

B)വിവിധ ഇനങ്ങളിൽ ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ബജറ്റ്ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | യഥാർത്ഥ ചെലവ് |
|---|---|---|---|---|
| 1 | 2501011 | Agriculture And Related Sectors -Vegetables | 1233400 | 1433400 |
| 2 | 2501045 | Dairy Development - Fodder Grass | 2533333 | 3349033 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/28.09.2022 ന് ലഭിച്ച മറുപടിയിൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കർശനമായും പാലിച്ച് ബജറ്റ് തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 14.06.2022 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങളും പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/27.09.2022,14/28.09.2022 എന്നിവയ്ക്ക് ലഭിച്ച മറുപടികളും ചുവടെ ചേർക്കുന്നു.

1) 2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് വിവരം ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2)വാർഷിക ധനകാര്യ പത്രിക RP-40(a), RP-40(b) പ്രകാരമുള്ള വിവിധ അക്കൗണ്ടുകളുടെ (ആകെ 11 എണ്ണം)മുന്നിരിപ്പ് നീക്കിയിരിപ്പ് എന്നിവ 0 ആണ്. പ്രസ്തുത അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ അക്കൗണ്ടുകൾ

പ്രവർത്തനക്ഷമമാണോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിവിധ ഗ്രാന്റുകൾ ലഭ്യമാകുന്നതിനായി കാലാകാലങ്ങളിലെ സർക്കാർ ഉത്തരവ് പ്രകാരം ആരംഭിച്ച ട്രഷറി അക്കൗണ്ടുകളാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും നിജസ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

3)എം.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുടെ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക 51054000/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ നേരിട്ട് നൽകിയ തുകയായി രേഖപ്പെടുത്തിയത് 51883000/- രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

4)450210101 കാനറബാങ്ക് തനത് ഫണ്ട് അക്കൗണ്ടിലെ 2022 മാർച്ച് മാസത്തെ റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Issued But Not Presented Into Bank എന്ന ഇനത്തിൽ 3 മാസത്തിൽ കൂടുതൽ കാലയളവിലെ ചെക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ചെക്കുകൾ Liabilty In Respect Of Stale Cheque എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

5)I-18 Prior Period Income എന്ന ഹെഡിൽ വസ്തുനികുതി ഇനത്തിൽ 167186/- രൂപ ഉൾപ്പെടെ 169202 രൂപ കുറവ് ചെയ്തിട്ടുണ്ട്. തുക ഇത്തരത്തിൽ നീക്കം ചെയ്തതിന്റെ ഭരണസമിതി തീരുമാനം, മറ്റ് രേഖകൾ ഹാജരാക്കിയിട്ടില്ല.

6) ഗ്രാമപഞ്ചായത്തിലെ Fixed Asset- ളുടെ ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ മുൻ വർഷം വരെയുള്ള Accumulated Depreciation ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. Income & Expenditure Statement നെഗറ്റീവ് ബാലൻസ് ആകാതിരിക്കാനാണ് ഇത്തരത്തിൽ രേഖപ്പെടുത്താത്തത് എന്നാണ് അറിയിച്ചത്. അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7)വിവിധ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ 12 പ്രവൃത്തികളുടെ 1978308/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം 2021-22 വർഷം ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക വാർഷിക ധനകാര്യപത്രികയിലെ Loans, Advances And Deposits എന്ന ഷെഡ്യൂളിലും Grants & Contributions For Specific Purposes എന്ന ഷെഡ്യൂളിലും ക്രമീകരിച്ചിട്ടില്ല. തുക ക്രമീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

8)46010010 ഹെഡിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ക്രമീകരിക്കാനുള്ള 8000/- രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുക ആരുടേതാണെന്ന് കൃത്യമായി നിശ്ചയിക്കാൻ സാധിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. കൃത്യമായി ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9)പ്രോജക്ട് നമ്പർ 235, മിത്രം ഭവന വായ്പ എന്ന പ്രോജക്ട് പ്രകാരം, ഭവന വായ്പ തിരിച്ചടവ് ഇനത്തിൽ വികസന ഫണ്ടിൽ നിന്നും ചിറയിൻകീഴ് സർവ്വീസ് കോപറേറ്റീവ് ബാങ്കിൽ (അക്കൗണ്ട് നം.1012200150000001) 08.02.2022 തീയതിയിൽ 1000000/- രൂപയും(ബിൽ നം.333) 26.03.2022 തീയതിയിൽ 126472/- രൂപയും (ബിൽ നം.596) ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ ബാങ്കിൽ നിന്നും ലഭിച്ച ലോൺ ലഡ്ജർ പരിശോധിച്ചതിൽ യഥാക്രമം 16.03.2022, 04.08.2022 തീയതികളിൽ മാത്രമാണ് തുകകൾ അക്കൗണ്ടിൽ ക്രഡിറ്റായത്. തുക അക്കൗണ്ടിൽ വരവ് രേഖപ്പെടുത്തിയതിൽ കാലതാമസം നേരിട്ടത് സംബന്ധിച്ച് ബാങ്കിൽ അറിയിപ്പ് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്.

10)320100121 Centrally Sponsored Scheme - Integrated Child Development Scheme (ICDS) എന്ന ഹെഡിന്റെ ലെഡ്ജർ പ്രകാരം 2714665/- രൂപ പ്രോജകട് നമ്പർ 44 പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത പ്രോജക്ടിലെ കേന്ദ്രാവിഷ്കൃത ഫണ്ടിലെ ചെലവ് 1000000/- രൂപ മാത്രമാണ്. ചെലവ് രേഖപ്പെടുത്തിയതിലെ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

11)350410101 ഹെഡിൽ വസ്തു നികുതി മുൻകൂർ ഇനത്തിൽ 3620/- രൂപയും 350410499 ഹെഡിൽ വാടക മുൻകൂർ ഇനത്തിൽ 1257/- രൂപയും 2020-21 വർഷത്തെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകകൾ തൻ വർഷം ക്രമീകരിച്ചിട്ടില്ല കൂടാതെ ഏത് വർഷത്തിൽ ക്രമീകരിക്കാനുള്ളതാണന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

12)2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62 (എഫ്) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

13)അസി.എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 2021-22 വർഷത്തിൽ ആസ്തി നിർമാണവുമായി ബന്ധപ്പെട്ട് പ്രോജക്ട് നമ്പർ 208,214 പ്രകാരം പാർട്ട് ബിൽ നൽകിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് B-11(a) Capital Work In Progress ഷെഡ്യൂളിൽ പ്രസ്തുത പ്രോജക്ട് പ്രകാരം അനുവദിച്ച തുക രേഖപ്പെടുത്തിയിട്ടില്ല.

14)ബാലൻസ് ഷീറ്റ് B-5 Secured Loan പ്രകാരം ഗ്രാമപഞ്ചായത്തിലെ ലോൺ മുതൽ തുക ഇനത്തിൽ ലഭിച്ച 16345528/- രൂപ തിരികെ ഒടുക്കാനുണ്ട്. എന്നാൽ പ്രസ്തുത തുകയിൽ 16005528/- രൂപ മാത്രമാണ് 2021-22 വർഷം വരെ വിതരണം ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. ലൈഫ് ഭവന പദ്ധതി State Share Headൽ 260000/- രൂപ റസീപ്റ്റ് ചെയ്യുന്നതിന് പകരം ലോൺ ഹെഡിൽ തുക റസീപ്റ്റ് ചെയ്തതിനാലാണ് മേൽ അപാകത സംഭവിച്ചതെന്നും വ്യത്യാസം രേഖപ്പെടുത്തിയ 80000/- രൂപ നിലവിൽ വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

15)ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റിയിൽ നൽകിയ തുകയുടെ 3067597/- രൂപയുടെയും കെ.എസ്.ഇ.ബി യിൽ നിൽകിയ 3366291/- രൂപയുടെയും വിനിയോഗ സാക്ഷ്യ പത്രം നാളിതുവരെ ലഭിച്ചിട്ടില്ല. മേൽ തുകകൾ അനുവദിച്ച നൽകിയ പ്രവൃത്തികളുടെ പേര്, വിവരം പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും ആയത് ഹാജരാക്കിയില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 24894819 | 24894819 | 26082100 | -1187281 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 12980090 | 12980090 | 13156687 | -176597 |
| വികസനഫണ്ട് | 0 | - | - | - | - |

| | | | | | |
|---|---|---|---|---|---|
| (ടി.എസ്.പി) | | | | | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 12755150 | 12755150 | 2653141 | 10102009 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 6218069 | 6218069 | 1829267 | 4388802 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 13279300 | 13279300 | 6085981 | 7193319 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 8798669 | 8798669 | 5213729 | 3584940 |

A)വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| Development Fund (General) | ACR | 24894819 | 24550171 | 344648 |
| | AFS | - | 23807524 | - |
| | Grant Statement | 24894819 | 26082100 | -1187281 |
| Development Fund (SCP) | ACR | 12980090 | 12694997 | 285093 |
| | AFS | - | 12694997 | - |
| | Grant Statement | 12980090 | 13156687 | -176597 |
| Development Fund CFC Tied | ACR | 12755150 | 2940087 | 9815063 |
| | AFS | - | 2653141 | - |
| | Grant Statement | 12755150 | 2653141 | 10102009 |
| Development Fund CFC Untied | ACR | 6218069 | 5503821 | 714248 |
| | AFS | 12533566 | 1829267 | 10704299 |
| | Grant Statement | 6218069 | 1829267 | 4388802 |
| Maintenance Road | ACR | 14219959 | 7706004 | 6513955 |
| | AFS | - | 6085981 | - |
| | Grant Statement | 13279300 | 6085981 | 7193319 |
| Maintenance Non Road | ACR | 8798669 | 5219229 | 3579440 |
| | AFS | - | 5213729 | - |
| | Grant Statement | 8798669 | 5213729 | 3584940 |

സുലേഖ ചെലവ് പത്രികയിൽ Source Deduction ഉൾപ്പെടെയുള്ള തുകകൾ ഉൾപ്പെടുന്നുണ്ടെന്നും എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ചെലവ് രേഖപ്പെടുത്തുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. എ.സി.ആറിൽ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തിട്ടുണ്ട്. ആയതിനാൽ ഇവ പൊരുത്തപ്പെടുന്നില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

A)ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിലെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 11007359 | 9109787 | 82.76 |
| | പട്ടിക ജാതി | 2997279 | 2997279 | 100 |
| സേവനം | പൊതുവിഭാഗം | 68563539 | 34509653 | 50.33 |
| | പട്ടിക ജാതി | 21893520 | 12268213 | 56.04 |
| പശ്ചാത്തലം | പൊതുവിഭാഗം | 22209814 | 8500230 | 38.27 |
| | പട്ടിക ജാതി | 1667231 | 1667106 | 99.99 |

സേവന, പശ്ചാത്തല വേഖലകളിലെ ഭൂരിഭാഗം പ്രവൃത്തികളും തൻ വർഷം നടപ്പാക്കിയിട്ടില്ല. പദ്ധതികൾ കാര്യക്ഷമമായി നടത്തുന്നതിന് നിർവഹണ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

B)സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്.30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. ലഭ്യമാകുന്ന ഗ്രാന്റ് തുകകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 1144762 |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് | 152300 |

C)സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.11 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 % ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ വികസനത്തിനും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക പൂർണമായും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 7433179 | 6568969 | 88.37 |
| കുട്ടികൾ | 2554530 | 2554530 | 100 |
| വൃദ്ധർ | 1735650 | 1670338 | 96.24 |
| ഭിന്നശേഷിയുള്ളവർ | 140796 | 140791 | 100 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 0 | 0 | 0 |
| പാലിയേറ്റീവ് കെയർ രോഗികൾ | 1115000 | 817949 | 73.36 |

## 1-4 പദ്ധതി അവലോകനം

2021-22 ൽ ചിറയിൻകീഴ് ഗ്രാമ പഞ്ചായത്തിൽ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 128338742 | 145 | 69052268 | - | 51 | 74% |

പദ്ധതി അടങ്കൽ തുകയുമായി താരതമ്യപ്പെടുത്തുമ്പോൾ പദ്ധതി ചെലവ് 53.80 % മാത്രമാണ്. കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ - പി.എച്ച്.സി., ഹോമിയോ, ആയുർവേദം, ഡയറി ഫാം ഇൻസ്പെക്ടർ എന്നീ നിർവ്വഹണോദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ എല്ലാ പ്രോജക്റ്റുകളും നടപ്പിലാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളും ഭരണ സമിതിയും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 ക്ഷേമ പദ്ധതികളുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 576400 | 46 |
| വിധവാപെൻഷൻ | 25281700 | 1758 |
| വാർദ്ധക്യകാല പെൻഷൻ | 45899300 | 3470 |
| വികലാംഗ പെൻഷൻ | 7062800 | 486 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 960600 | 67 |
| തൊഴിൽ രഹിത വേതനം | 154820 | 96 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും നൽകി

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ പെൻഷൻ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | പെൻഷൻ | പേര് | മരണപ്പെട്ട | പെൻഷൻ വിഭാഗം | പെൻഷൻ | അനുവദിച്ച | അധികം | നൽകിയ |
|---|---|---|---|---|---|---|---|---|

| നം | ഐഡി | | തീയതി | | കാലയളവ് | തുക |
|---|---|---|---|---|---|---|
| 1 | 102430200725 | മരിക്യതസ്റ്റീഫൻ | 13.12.2020 | വാർദ്ധക്യകാല പെൻഷൻ | 09/2021 വരെ | 14100/- |
| 2 | 102430200642 | ശാരദ | 28.01.2021 | വാർദ്ധക്യകാല പെൻഷൻ | 08/2021 വരെ | 11000/- |
| 3 | 102400202326 | സുബൈദ ബീവി | 19.02.2021 | വാർദ്ധക്യകാല പെൻഷൻ | 08/2022 വരെ | 36200/- |
| 4 | 102430201210 | ശിവദാസൻ | 13.02.2021 | വാർദ്ധക്യകാല പെൻഷൻ | 08/2021 വരെ | 9500/- |
| 5 | 102430201534 | കാമപാലൻ | 26.02.2021 | വാർദ്ധക്യകാല പെൻഷൻ | 04/2022 വരെ | 3100/- |
| 6 | 102420200202 | തുളസീധരൻ | 18.03.2021 | വാർദ്ധക്യകാല പെൻഷൻ | 04/2021 വരെ | 1600/- |
| 7 | 102430201987 | ശശിധരൻ | 16.12.2020 | വാർദ്ധക്യകാല പെൻഷൻ | 01/2021 വരെ | 1500/- |
| 8 | 102430202049 | പൊന്നമ്മ | 21.01.2021 | വാർദ്ധക്യകാല പെൻഷൻ | 02/2021 വരെ | 1500/- |
| 9 | 102430201857 | കാസിം | 06.08.2021 | വാർദ്ധക്യകാല പെൻഷൻ | 09/2021 വരെ | 1600/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.40/01.10.2022 ന് ലഭിച്ച മറുപടിയിൽ അധിക തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സർക്കുലർ നം.63/2021/ധന തീ.02.08.2021 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് മരണപ്പെട്ട/അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-5-2 സർവ്വീസ് പെൻഷൻ വാങ്ങുന്ന വ്യക്തികൾ അനർഹമായി തുക കൈപ്പറ്റി

ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടറുടെ 06/08/2020 ലെ 2566/2020-DBT1(DP) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. വിശദാംശം ചുവടെ

| ക്രമ നം | പെൻഷൻ ഐഡി | പേര് | വിലാസം | അധികം കൈപ്പറ്റിയതുക |
|---|---|---|---|---|
| 1 | 102430200556 | വിമല.കെ | അമ്പാടി വീട്, ഗുരുവിഹാർ | 59500 |
| 2 | 102430201083 | ഓമനകുട്ടി അമ്മ | മണിമംഗലം, ശാർക്കര | 54000 |
| 3 | 102430201271 | കോമളവല്ലി | തോപ്പിൽവീട്, കടയ്ക്കാവൂർ | 54700 |
| 4 | 102430202555 | ഓമന | കല്ലുവിള വീട്, ആനത്തലവട്ടം | 57500 |
| 5 | 102430202702 | കെ സരോജം | വാറുവിള വീട്, പടനിലം | 51500 |
| 6 | 102430203177 | സുമതി അമ്മ | കളിയിൽ വീട്, ശാർക്കര | 42000 |
| 7 | 102430400204 | ഗീത വി.ആർ | കിഴക്കേപുല്ലുവിള | 53000 |
| 8 | 102430600380 | ലീല | തുണ്ടുവിളാകത്ത് വീട്, മഞ്ചാടിമൂട് | 57000 |
| 9 | 102130600660 | അംബിക | വയലിൽ വീട്, ആനത്തലവട്ടം | 66500 |
| 10 | 102430600714 | ശാന്ത | വാണിക്കുടി വീട്, പണ്ടകശാല | 98700 |
| 11 | 102430601500 | ഗീത | കൊച്ചുമമ്മ്യാൻ തിട്ടവീട്, ആനത്തലവട്ടം | 51200 |

മേൽ വ്യക്തികളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ടെങ്കിലും തുക നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും (എൻക്വയറി നം.40/01.10.2022 ന് ലഭിച്ച് മറുപടി) തുക ഈടാക്കി വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.2022, 3.15 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4065/- രൂപ ക്യാഷ് ബാലൻസുള്ളതായി ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്.

2)ഓഫീസ് മീറ്റിംഗ് എല്ലാ മാസവും കൂടുന്നുണ്ട്. മിനിട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്.

3)റിവ്യൂ മീറ്റിംഗുകൾ കൂടിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4)ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

5) പൗരാവകാശ രേഖ 2021-22 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

6) 2021-22 ലെ വാങ്ങൽ പ്രക്രിയയുമായി ബന്ധപ്പെട്ട് പ്രോക്യൂർമെന്റ് കമ്മിറ്റി മീറ്റിംഗുകൾ കൂടിയിട്ടുണ്ട്.

7) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

8) I S O സർട്ടിഫിക്കറ്റിന്റെ കാലാവധി 05.06.22 കാലഹരണപ്പെട്ടിട്ടുണ്ട്. I S O സർട്ടിഫിക്കേഷന്റെ കാലാവധി പുതുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

9) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

10) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായും സർവ്വീസ് പെൻഷൻ ഉള്ളവർക്ക് ക്ഷേമ പെൻഷൻ അനുവദിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. അപാകം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

11) ഗ്രാമ പഞ്ചായത്തിന് നികുതി, ഫീസ് എന്നിങ്ങനെയുള്ള വരവിനങ്ങളിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-8 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്** | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| ഭരണചെലവുകൾ | 148612.75 | 838380 | 986992.75 | 974211 | 12781.75 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | *51883000 | 51883000 | 51883000 | 0 |
| ആകെ | 148612.75 | 838380 | 52869992.75 | 52857211 | 12781.75 |

*ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക 51054000/- രൂപയാണ്.

** കാഷ് ബുക്ക് പ്രകാരം മുന്നിരിപ്പിലും നീക്കിയിരിപ്പിലും 0.06/- രൂപയുടെ വ്യത്യാസമുണ്ട്.

2021-22 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2021-22 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം-337<br>അംഗങ്ങൾ- 409 |
| 2021-22 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം-2442<br>തൊഴിലാളികൾ-2618 |
| 2021-22 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം-2442<br>തൊഴിലാളികൾ-2618 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1010 |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | ഇല്ല |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | ഇല്ല |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | ഇല്ല |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 1200 |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 308 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 301 |

| | |
|---|---|
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 304 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 19 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 19 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 19 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 2451 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 305 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 154 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 63 % |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 163473 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഉണ്ട് |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കംബോണന്റ് | 48125000 |
| മെറ്റീരിയൽ കംബോണന്റ് | 2361000 |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 1010 |
| 80-99 | 249 |
| 70-79 | 73 |
| 60-69 | 78 |
| 50-59 | 136 |
| 50 ൽ താഴെ | 797 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.08.2022 മുതൽ 09.08.2022 വരെ | 01.08.21 മുതൽ 31.03.22 വരെ | 24.09.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2007-08മുതൽ 2011-12 വരെ | 01.05.2013 |

## 1-10 ലേലം തുക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു.

I) 2021-22 സാമ്പത്തിക വർഷത്തെ ലേലം സംബന്ധിച്ച ഫയലുകൾ, രജിസ്റ്ററുകൾ, ലേല ഡയറികൾ അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ അപാകങ്ങൾ കാണുന്നു. വിശദ വിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | ലേലം/ ക്വട്ടേഷൻ ഇനം | ലേല/ക്വട്ടേഷൻ തീയതി, ലേലം കൊണ്ട വ്യക്തി | ലേലത്തുക | തുക ഒടുക്കിയ വിശദാംശങ്ങൾ | കരാറിലേർപ്പട്ടതിന്റെ വിവരം |
|---|---|---|---|---|---|
| 1 | പാർവ്വതീപുരം മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ് | 01.03.2021 ഷാബു, പുത്തൻകോട്ട | 160000/- | 80000/-+ GST, 01.03.2021<br>ലേലത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല | പൂരിപ്പിക്കാത്ത കരാർ പത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. |
| 2 | ലക്ഷ്മീപുരം മാർക്കറ്റ് ആട്ടിറച്ചി വിൽപ്പനാവകാശം | 01.03.2021 രാജൻ, മുഞ്ഞമൂട് തോപ്പ് | 711100/- | 15549/- + GST, 01.03.2021<br>ലേലത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല | പൂരിപ്പിക്കാത്ത കരാർ പത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. |

ലേല/ക്വട്ടേഷൻ വ്യവസ്ഥകൾ നമ്പർ A3/853/20 തീയതി 11/02/2021 ക്രമ നമ്പർ 7 പ്രകാരം ലേലം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് സ്ഥിരപ്പെടുത്തി അറിയിപ്പ് നൽകി ഏഴ് പൂർണ്ണ ദിവസത്തിനുള്ളിൽ ശേഷിക്കുന്ന മുഴുവൻ തുകയും ഒടുക്കേണ്ടതാണ്.

ഒടുക്കാത്തവർ ലേലത്തുകയുടെ ഇരട്ടി തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നും വാങ്ങി എഗ്രിമെന്റ് സമയത്ത് ഹാജരാക്കേണ്ടതാണ്. സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർ ലേലം സ്ഥിരപ്പെടുത്തി കഴിഞ്ഞാൽ ലേലത്തുകയും 18% GST യും ചേർന്ന തുക ഒറ്റത്തവണയായി ഒടുക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികയിലെ കരാറുകാരിൽ നിന്നും ഇപ്രകാരം എഗ്രിമെന്റിനോടൊപ്പം സോൾവൻസി വാങ്ങിയിട്ടില്ല. തുക പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ അടക്കമുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി ഓഡിറ്റ് എൻക്വയറി (നം 18/2021-22, 29.09.2022)ക്ക് മറുപടി നൽകി. കൂടാതെ ലക്ഷ്മീപുരം മാർക്കറ്റ് ആട്ടിറച്ചി വിൽപ്പനാവകാശം ലേലത്തിൽ പിടിച്ച ശ്രീ രാജൻ, മുഞ്ഞമൂട് തോപ്പ് മരണപ്പെട്ടതായും മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത വ്യക്തിയുടെ ബാധ്യത ഈടാക്കുന്നത് സംബന്ധിച്ച് ഭരണസമിതി തീരുമാനം കൈക്കൊള്ളേണ്ടതാണ്. വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ - എണ്ണത്തിൽ ഗണ്യമായ കുറവ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് പരിധിയിൽ 949 വളർത്തുനായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 39 വളർത്തു നായകൾക്ക് മാത്രമാണ് 2021-22 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത് . വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം 49/2021-22, 03 .10.2022) 2021-22 വർഷം കോവിഡ് മഹാമാരി കാരണം വളർത്തു നായ്ക്കൾക്ക് മൃഗാശുപത്രി മുഖാന്തിരം വാക്സിനേഷൻ ഡ്രൈവ് സംഘടിപ്പിക്കാത്തതു കൊണ്ട് കൂടുതൽ നായ്ക്കൾക്ക് വാക്സിനേഷൻ നൽകിയില്ല, ലൈസൻസ് നൽകുന്നതിന് പ്രതിരോധ കുത്തിവെയ്പ്പിന്റെ സർട്ടിഫിക്കറ്റ് ആവശ്യമാണ്, ഇക്കാരണത്താലാണ് ലൈസൻസ് നൽകുന്നതിൽ കുറവുണ്ടായതെന്ന അറിയിച്ചു. തുടർ വർഷങ്ങളിൽ വളർത്തു നായകൾക്ക് ലൈസൻസ് നൽകൽ ഊർജ്ജിതമാക്കേണ്ടതാണ്.

## 1-12 ഡി & ഒ ലൈസൻസ് - അപാകങ്ങൾ

1. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല

2021-22വർഷം ഡി & ഒ ലൈസൻസ് നൽകിയത് 321 സ്ഥാപനങ്ങൾക്കാണ്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെ 229 സ്ഥാപനങ്ങൾ ആണുള്ളത്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. 2021-22വർഷം ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയപ്പോൾ കോവിഡ് കാരണം കടകൾ അടഞ്ഞു കിടന്നതിനാലാണ് പൂർണ്ണമായും സ്ഥാപനങ്ങളെ ഉൾപ്പെടുത്താനാവാത്തത് എന്ന് ഓഡിറ്റ് എൻക്വയറി (നം 17/2021-22, 29.09.2022)ക്ക് മറുപടി നൽകി.

2. റേഷൻകടകൾക്ക് ലൈസൻസ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2021-22 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതാണെങ്കിലും ഗ്രാമ പഞ്ചായത്ത് പരിധിയിലെ 19 റേഷൻകടകളിൽ വാർഡ് നമ്പർ 11 ലെ ARD 85 നമ്പർ റേഷൻ ഷോപ്പ് ഒഴികെ മറ്റുള്ളവയെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഡിമാന്റ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 17/2021-22, 29.09.2022)ക്ക് റേഷൻകട വ്യാപാരികൾ സംഘടിതമായി ലൈസൻസ് എടുക്കുന്നില്ല എന്നും സിവിൽ സപ്ലൈസ് ഡയറക്ടർക്ക് കത്ത് നൽകുന്നതാണെന്നും മറുപടി നൽകി. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ റേഷൻ കടകൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3. ഇറച്ചി കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ല് വച്ച് മറച്ചതും ഈച്ച പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009 , സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്. പഞ്ചായത്തിലെ 2021 -22 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഇറച്ചിക്കടകൾ ഇല്ല. എന്നാൽ ഇതിനു വിരുദ്ധമായി ലേല രജിസ്റ്റർ പ്രകാരം പഞ്ചായത്ത് തന്നെ മാംസം വിൽക്കുന്നതിനുള്ള അവകാശം ലേലം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ആകെ 4 മാംസ വ്യാപാരകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറി (നം 17/2021-22, 29.09.2022)ക്ക് മറുപടി നൽകി. കൂടാതെ പഞ്ചായത്ത് പരിധിയിൽ അറവ് ശാലകൾ പ്രവർത്തിക്കാത്തതിനാലാണ് ലൈസൻസ് നൽകാത്തത് എന്നും അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്.

## 1-13 വാടക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു

ചിറയിൻകീഴ് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ലക്ഷ്മീപുരം മാർക്കറ്റ് സ്റ്റാളിൽ 10 കടമുറികൾ, ശാർക്കര പഞ്ചായത്ത്

പുറമ്പോക്ക് ഭൂമിയിൽ തറവാടകയ്ക്കായി 6 വ്യക്തികൾക്ക് എന്നിങ്ങനെയാണ് 2021- 22 വർഷം വാടകയ്ക്ക് നൽകിയത്. വാടക രജിസ്ററർ പരിശോധിച്ചതിൽ താഴെ കടമുറികളിൽ നിന്ന് വാടക പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കടമുറി | വാടകയ്ക്ക് എടുത്ത വ്യക്തി | മാസവാടക | അടവാക്കാനവശേഷിക്കുന്ന മാസങ്ങൾ | തുക |
|---|---|---|---|---|---|
| 1 | റൂം നം. ലഭ്യമല്ല | എൻ പ്രഭൻ, താഴേ വിളാകത്ത് വീട് | 1224 ( 1037+ 187 Current Charges) | ആഗസ്റ്റ് 21 – മാർച്ച് 22 (രണ്ട് മാസം ഒഴിവാക്കി) | 6222/- |
| 2 | റൂം നം. ലഭ്യമല്ല | അംബിക, തൊടിയിൽ വീട് | 1194 ( 1012 +182 Current Charges) | ഏപ്രിൽ 21 – മാർച്ച് 22 | 31055/- (കുടിശ്ശിക ഉൾപ്പെടെ) |

വാടകയിനത്തിൽ കുടിശ്ശികയായ തുക പിരിച്ചെടുക്കുന്നതിനായി റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി ഓഡിറ്റ് എൻക്വയറി (നം 26/2021-22 , 29.09.2022)ക്ക് മറുപടി നൽകി. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ബിൽഡിംഗ് പെർമ്മിറ്റ് -അപാകങ്ങൾ

1. പെർമ്മിറ്റ് പ്രകാരം അനുവദനീയമായ ഏരിയയിൽ അധികമായി നിർമ്മിച്ചതിന് റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല. സമയപരിമിതി കാരണം 1 മുതൽ 50 വരെയുള്ള നമ്പറിംഗ് ഫയലുകൾ മാത്രം പരിശോധിച്ചതിലാണ് ഇത്തരത്തിൽ ക്രമവത്കരണ ഫീസ് ഒടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടത്. ഈ വിഷയം ഓഡിറ്റ് എൻക്വയറി (നം 47 /2021-22 03.10.2022) യിലൂടെ പഞ്ചായത്തധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ചുവടെ ചേർത്തിക്കുന്ന പട്ടികയിലെ തുക 03.10.2022 ൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ മറ്റ് ഫയലുകളിലും നിലവിലും ഇത്തരത്തിൽ ക്രമവത്കരണ ഫീസ് ഈടാക്കുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല

| ക്ര നം | ഫയൽ നം | കെട്ടിട ഉടമയുടെ പേര് | പെർമിറ്റ് പ്രകാരമുള്ള പ്ലിന്ത് ഏരിയ | പൂർത്തീകരണ റിപ്പോർട്ട് പ്രകാരമുള്ള പ്ലിന്ത് ഏരിയ | രാജിയാക്കൽ ഫീസ് |
|---|---|---|---|---|---|
| 1 | 7182/21/ 05/08/21 | വിജയകുമാർ, കൊച്ചുവീട്, ചിത്രമൂല | 147.52 M2 | 168.97 M2 | 21.45*3*2= 128.7 |
| 2 | 7326/21/ 09/08/21 | ദീപു ജെ , ആദി ഭവൻ, ആനത്തലവട്ടം | 119 M2 | 132 M2 | 13*3*2=78 |
| 3 | 8344/21/ 13/09/21 | ശ്യാംരാജ്, കൃഷ്ണകൃപ, നിലയ്ക്കാമുക്ക് | 97.10 | 108.47 M2 | 11.37 * 3*2 = 68.22 |

2. കാലപരിധി പിന്നിട്ടതും നിർമ്മാണം പൂർത്തീകരിച്ചതും എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാത്തതുമായ കെട്ടിട ഉടമകളെ കണ്ടെത്തുന്നതിന് സ്ഥാപനം നടപടികൾ സ്വീകരിച്ചിട്ടില്ല. മൂന്ന്/അഞ്ച് മുതൽ പത്ത് വർഷം വരെ കാലപരിധി പിന്നിട്ട പെർമിറ്റുകളെ യഥാസമയം തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാകുന്ന വിധം അതത് വർഷങ്ങളിലെ പെർമിറ്റ് രജിസ്റ്ററുകളിൽ നിന്നും കാലപരിധി പിന്നിട്ട പെർമിറ്റുകളെ സംബന്ധിച്ച വിവരശേഖരണം നടത്തി ഫീൽഡ് തല പരിശോധന നടത്തി തുടർനടപടികൾ സ്വീകരിച്ചത് സംബന്ധിച്ച് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 47 /2021-22 03.10.2022) ക്ക് നടപടി അടിയന്തിരമായി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകി.

## 1-15 വസ്തു നികുതി

കെട്ടിടങ്ങളുടെ വസ്തുനികുതി ശേഖരണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1-15-1 കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ 9, 16, 18 എന്നീ വാർഡുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്യിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | 9/29A | ഗോപകുമാർ | പാർപ്പിടാവശ്യം | താഴത്തെ നില (110 ച മീ) |
| 2 | 9/65 | വാസു | പാർപ്പിടാവശ്യം | താഴത്തെ നില (66.2 ച മീ ) |
| 3 | 9/99 | ചെല്ലമ്മ | പാർപ്പിടാവശ്യം | താഴത്തെ നില (85.15 ച മീ ) |
| 4 | 9/109A1 | ആർ.ത്യാഗരാജൻ ആചാരി | പാർപ്പിടാവശ്യം | താഴത്തെ നില (78.75 ച.മീ) |
| 5 | 9/250 | രാമകൃഷ്ണൻ ആചാരി | പാർപ്പിടാവശ്യം | താഴത്തെ നില (65 ച മീ ) |

| | | | | |
|---|---|---|---|---|
| 6 | 16/30A | എം. നാസ്സർ | പാർപ്പിടാവശ്യം | താഴത്തെ നില (66 ച മീ ) |
| 7 | 16/37A1 | പുഷ്പവതി | പാർപ്പിടാവശ്യം | താഴത്തെ നില (62 ച മീ ) |
| 8 | 16/339 A | ആർ. പ്രസന്നൻ | പാർപ്പിടാവശ്യം | താഴത്തെ നില (66 ച മീ ) |
| 9 | 16/398 | രാജമ്മ | പാർപ്പിടാവശ്യം | താഴത്തെ നില (78 ച.മീ), ഒന്നാം നില (20 ച.മീ ) |
| 10 | 18/200 | ജോർജ്ജ്, വത്സല | പാർപ്പിടാവശ്യം | താഴത്തെ നില (195 ച മീ ) |
| 11 | 18/36 | കമലമ്മ | പാർപ്പിടാവശ്യം | താഴത്തെ നില (115 ച മീ ) |
| 12 | 18/50 | സുമതി | പാർപ്പിടാവശ്യം | താഴത്തെ നില (100 ച മീ ) |

2013 ലെ നികുതി നിർണ്ണയ പരിഷ്കരണത്തിന്റെ ഭാഗമായി ഡാറ്റാ എൻട്രി ചെയ്ത് പ്യൂരിഫിക്കേഷൻ നടത്തിയപ്പോൾ ARV പൂജ്യമായത് കാരണമാണ് കെട്ടിടനികുതി പൂജ്യമായത് എന്ന് ഓഡിറ്റ് എൻക്വയറി (നം 50/2021-22,03.10.2022) ക്ക് മറുപടി നൽകി. കൂടാതെ മുൻ അസസ്മെന്റ് പരിശോധിച്ച് കെട്ടിട നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-2 കെട്ടിടനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയതിൽ നടപടിക്രമം പാലിച്ചില്ല

27.04.15 ലെ സ.ഉ. (കൈ) 144/2015/ത.സ്വ.ഭ.വ. പ്രകാരം 660 Sqft ന താഴെ തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങളെയും നികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ 10.11.15 ലെ GO (MS) 358/2015 പ്രകാരം സത്യവാങ്ങ്മൂലം സമർപ്പിച്ചിട്ടുള്ള കെട്ടിടങ്ങളെ മാത്രമാണ് നികുതിയിൽ നിന്നും ഒഴിവാക്കേണ്ടത്. എന്നാൽ ചില കെട്ടിടങ്ങൾ സത്യവാങ്ങ്മൂലം നൽകാതെ തന്നെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്ന കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | സബ് നമ്പർ | കെട്ടിട ഉടമയുടെ പേര് | വിസ്തൃതി (ച.മീ.) |
|---|---|---|---|---|---|
| 1 | 1 | 20 | A | അഷറഫ് | 32.82 |
| 2 | 1 | 579 | A | ബിനു | 35.67 |
| 3 | 3 | 293 | A | ഉഷ | 39.69 |
| 4 | 8 | 397 | F | ഗോപിനാഥൻ | 17.33 |
| 5 | 9 | 510 | B | രമാദേവി | 39 |
| 6 | 9 | 555 | B | ഷൈലാബീവി | 33.96 |
| 7 | 10 | 233 | A | ഷാമില | 40.88 |
| 8 | 15 | 80 | A | സിബിൾ | 47.69 |
| 9 | 15 | 125 | | ബേബിമാത്യൂ | 38.85 |
| 10 | 16 | 291 | C | രാധാമണി | 38.35 |
| 11 | 17 | 332 | B | ബിജു | 39 |
| 12 | 18 | 342 | C | ശാലിനി.എസ് | 36.57 |
| 13 | 19 | 262 | | പ്രിജി | 42.66 |

കെട്ടിട നമ്പർ നൽകിയ ശേഷം സമ്പൂർണ്ണ നികുതി പിരിവിന്റെ ഭാഗമായി ഫീൽഡ് പരിശോധന നടത്തിയതിൽ കെട്ടിട കരം ഒഴിവാക്കുന്നതിന് അർഹരാണെന്ന് ഫീൽഡ് സ്റ്റാഫ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് കെട്ടിട കരം ഒഴിവാക്കിയതെന്ന് ഓഡിറ്റ് എൻക്വയറി (നം. 50/2021-22,03.10.2022) ക്ക് മറുപടി നൽകി. എന്നാൽ നടപടി ക്രമം പാലിച്ച് മാത്രം ഭാവിയിൽ ഇത്തരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15-3 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത

സ.ഉ (കൈ) നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം, കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ 1, 2, 13 എന്നീ വാർഡുകൾ പരിശോധിച്ചതിൽ മേൽ നടപടി ക്രമം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ച് നൽകിയതായി കാണുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര് , വിലാസം |
|---|---|---|
| 1 | 1/239 | എ. അജയകുമാർ (വൈഷ്ണവം,മണ്ണാത്തി മൂല), എസ്. സജിത (വൈഷ്ണവം,മണ്ണാത്തി മൂല) |
| 2 | 1/315 | വിശ്വംഭരൻ ആശാരി (വാസുദേവ വിലാസം) |
| 3 | 1/372 | രഘുനാഥൻ (ഭാസുരം,മേൽകടയ്ക്കാവൂർ) |
| 4 | 1/414 | എം. എസ്. പ്രേംചന്ദ് (ആനന്ദ സൗദം) |
| 5 | 2/434/A | ഉല്ലാസ്. ഡി . ആർ (രശ്മി,മേൽകടയ്ക്കാവൂർ) |
| 6 | 3/175 | കമലാക്ഷി അമ്മ (രാമച്ചൻ വിള) |
| 7 | 13/88 | നളിനി കെ (പാലമൂട് വീട്,പുളുന്തുരുത്തി) |

ഓഡിറ്റ് എൻക്വയറി (നം. 50/2021-22,03.10.2022) ക്ക് സഞ്ചയയിൽ മേൽ കെട്ടിടങ്ങളുടെ ഇളവ് 'Continuing' എന്ന് രേഖപ്പെടുത്തിയതിനാലാണ് നികുതി ഒഴിവാക്കിയത് എന്ന് മറുപടി നൽകി. വർഷാവർഷം സാക്ഷ്യപത്രം വാങ്ങി മാത്രം നികുതി ഇളവ് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-15-4 സഞ്ചയ പൊളിച്ചുനീക്കിയ കെട്ടിടം, നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 24 പ്രകാരം ഒരു കെട്ടിടം പൊളിച്ചു കളയുമ്പോൾ കെട്ടിട ഉടമ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതും പൊളിച്ചുകളയുന്ന അർദ്ധ വർഷത്തിന്റെ അവസാനം വരെയുള്ള നികുതി ഒടുക്കേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടത്തിന്റെ നികുതി പൂർണമായും ഈടാക്കിയിട്ടില്ല.

| അപേക്ഷ തീയതി | കെട്ടിട നം. | ഉടമയുടെ പേര് | ഉപയോഗക്രമം | വിസ്തീർണം (ച.മീ.) | ഒഴിവാക്കിയ കാലയളവ് | ഒഴിവാക്കിയ നികുതി |
|---|---|---|---|---|---|---|
| 31.03.2021 | 8/217 | വാമദേവൻ, ലീല | പാർപ്പിടാവശ്യം | 108 | 2014 Second Half | 1930 |
| 29.03.2021 | 11/450 | MUHAMMAD BASHEER | പാർപ്പിടാവശ്യം | 65 | 2013 First Half | 304 |
| 23.10.2021 | 17/82 | BINDHU | പാർപ്പിടാവശ്യം | 100 | 2013 First Half | 7083 |
| 29.03.2021 | 8/385 | എസ്.അതി, സുനിത | പാർപ്പിടാവശ്യം | 100 | 2013 First Half | 2968 |
| 31.03.2021 | 18/233 | ഗോപി | പാർപ്പിടാവശ്യം | 7 | 2013 First Half | 2560 |
| 29.03.2021 | 18/80 | എസ്.മോഹനൻ | പാർപ്പിടാവശ്യം | 108 | 2013 First Half | 784 |

മേൽ കെട്ടിടങ്ങൾക്ക് മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 50/2021-22, 03.10.2022) ക്ക് അറിവില്ലായ്മ കൊണ്ട് അപേക്ഷകർ പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള അപേക്ഷ സമർപ്പിക്കാറില്ല എന്ന് മറുപടി നൽകി. ഡിമോളിഷ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ ഏഴ് രേഖപ്പെടുത്തൽ മാത്രമേ വരുത്തിയിട്ടുള്ളൂ. എന്നാൽ സഞ്ചയയിൽ പരിശോധിച്ചതിൽ ഡിമോളിഷ് ചെയ്യാനായി അപേക്ഷിച്ച കെട്ടിടങ്ങളുടെ എണ്ണം വളരെക്കൂടുതലാണ്.

## 1-15-5 റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ കളക്ഷനായി രേഖപ്പെടുത്തി

സാംഖ്യ ക്യാൻസൽഡ് റസീപ്റ്റ് റിപ്പോർട്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ, സഞ്ചയ സോഫ്റ്റ് വെയറിലെ കളക്ഷനിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

| Sl No. | Ward No. | Door No. | Owner Details | Receipt No | Receipt Date | Amount |
|---|---|---|---|---|---|---|
| 1 | 9 | 286 | ലത | 121070100155 | 17/04/2021 | 57 |
| 2 | 8 | 413 | വിജയൻ | 121070103162 | 20/11/2021 | 456 |

റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ തെറ്റായ വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. പ്രസ്തുത അപാകം തുടർ വർഷങ്ങളിൽ പരിശോധിച്ച് യഥാർത്ഥ വരവിലെ കുറവ് നികത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-16 തൊഴിൽ നികുതി പിരിവ് - അപാകതകൾ

1. റേഷൻ കടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല.

സിവിൽ സപ്ളൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തിട്ടില്ല. ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് പരിധിയിലെ ARD No. 85 റേഷൻകടയിൽ നിന്നും 2021-22 വർഷം തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. മറ്റ് റേഷൻകട ഉടമകൾ സംഘടിതമായി തൊഴിൽ നികുതി ഒടുക്കാത്തതിനാൽ വിവരം സിവിൽ സപ്ളൈസ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി തൊഴിൽനികുതി ഒടുക്കിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി (നം 16/2021-22 ) ക്ക് മറുപടി നൽകി.

2. കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.

എന്നാൽ മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തു പരിധിയിൽ 2021-22 വർഷം കരാർ പ്രവൃത്തികൾ ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 16/2021-22 ) ക്ക് മറുപടിയായി കരാറുകാരുടെ വിശദാംശം ലഭ്യമാക്കുന്നതിനായി എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനിയർക്ക് കത്ത് നൽകിയതായും കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ, മുതലപ്പൊഴി ഫിഷിംഗ് ഹാർബർ സബ്ഡിവിഷൻ 2021-22 വർഷത്തെ തൊഴിൽ നികുതി ഒടുക്കിയത് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ഓഡിറ്റ് തീയതിയിലും ട്രാൻസ്ഫർ ആയിട്ടില്ല. സ്പാർക്ക് മുഖേന തൊഴിൽ നികുതി ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിലും സാങ്കേതിക പിഴവ് കാരണമാണ് തുക അക്കൗണ്ടിൽ ക്രഡിറ്റാകാത്തത് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകി. പഞ്ചായത്ത് അക്കൗണ്ടിലേക്ക് തുക ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുക ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | SO051/21-22 |
| പ്രോജക്റ്റിന്റെ പേര് | സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | 1482000 (വികസന ഫണ്ട്-ജനറൽ 741000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 370500, ജില്ലാ പഞ്ചായത്ത് വിഹിതം 370500) |

| | |
|---|---|
| | |
| ചെലവ് | 1391125 (വികസന ഫണ്ട്-ജനറൽ 706750, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 349125, ജില്ലാ പഞ്ചായത്ത് വിഹിതം 335250) |
| ബിൽ നമ്പർ | 05/21-22, 20.10.2021 രൂപ112000/-<br>06/21-22, 27.10.2021 രൂപ56000/-<br>07/21-22, 27.10.2021 രൂപ184000/-<br>08/21-22, 06.11.2021 രൂപ92000/-<br>10/21-22, 27.01.2022 രൂപ135000/-<br>13/21-22, 27.01.2022 രൂപ292125/-<br>14/21-22, 01.02.2022രൂപ49875/-<br>15/21-22, 01.02.2022 രൂപ64750/-<br>19/21-22, 22.02.2022 രൂപ211000/-<br>21/21-22, 07.03.2022 രൂപ 7125/- |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തത്. പ്രോജക്ട് പരിശോധിച്ചതിൽ ആകെ 52 വിദ്യാർത്ഥികൾക്ക് ഒരു വിദ്യാർത്ഥിക്ക് 28500/- രൂപ ലഭ്യമാകുന്ന തരത്തിൽ ആണ് പദ്ധതി രൂപീകരിച്ചത്. പദ്ധതിയുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സുലേഖ ചെലവ് പത്രിക പ്രകാരം 1391125 രൂപ ചെലവ് ചെയ്തതായി കാണുന്നു. എന്നാൽ ബിൽ ബുക്ക് പ്രകാരം 1203875 രൂപയുടെ ചെലവ് മാത്രമേ വന്നിട്ടുള്ളൂ. 187250/- രൂപയുടെ ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചിരുന്നോ എന്നതും ആയത് വിതരണം ചെയ്തോ എന്നതും സംബന്ധിച്ചും വ്യക്തതയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 27/ 2021-22, 30.09.2022) ക്ക് ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചു എന്ന് മറുപടി നൽകിയെങ്കിലും ആയതിന്റെ വിതരണരേഖകൾ ഹാജരാക്കിയിട്ടില്ല. 2,11,000/- രൂപയുടെ ബില്ല്, വിതരണരേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 27/ 2021-22, 30.09.2022) ക്ക് ബില്ല് ലഭ്യമാക്കിയിട്ടുണ്ട് എന്ന് മറുപടി നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല. ആകെ 3,98,250/- രൂപയുടെ വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. ഒരു കുട്ടിക്ക് പരമാവധി 28500/- രൂപ ലഭിക്കുന്നതിനായാണ് പ്രോജക്ട് വിഭാവനം ചെയ്തത്. എന്നാൽ എല്ലാ ഗുണഭോക്താക്കൾക്കും പ്രസ്തുത തുക നൽകിയോ എന്നത് സംബന്ധിച്ച് വിശദാംശം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 27/ 2021-22, 30.09.2022) ക്ക് എല്ലാ ഗുണഭോക്താക്കൾക്കും 28500/- രൂപ വീതം നൽകി എന്ന് മറുപടി നൽകിയെങ്കിലും വിതരണരേഖകൾ പൂർണ്ണമായി ഹാജരാക്കാത്തതിനാൽ ആയത് ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

3. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിനുള്ള അപേക്ഷ പരിശോധിച്ചതിൽ ശ്രീഹർഷ് എസ്.എ എന്ന കുട്ടിക്ക് ആനുകൂല്യം നൽകിയിട്ടില്ല. ഇത്തരത്തിൽ അപേക്ഷകരെ ഒഴിവാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 27/ 2021-22, 30.09.2022)ക്ക് മേൽവ്യക്തി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല എന്ന് മറുപടി നൽകി. എന്നാൽ ശ്രീഹർഷ് .എസ്.എ എന്ന കുട്ടി സഹോദരനായ ശ്രീ ഹരി എസ് എ എന്ന വിദ്യാർത്ഥിയോടൊപ്പം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ശ്രീ ഹരി .എസ് .എ യ്ക്ക് ആനുകൂല്യം നൽകിയിരുന്നു.

4. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 17.08.2016 ലെ 2465/2016/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം മുഴുവൻ ഭിന്നശേഷിക്കാരുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള രജിസ്റ്റർ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും സൂക്ഷിക്കേണ്ടതാണ്. ഇത് പ്രകാരം പരിശോധനയ്ക്കായി ലഭ്യമാക്കിയ രജിസ്റ്ററിൽ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ എല്ലാ ഭിന്നശേഷിക്കാരുടെയും വിശദാംശം ലഭ്യമാണോ എന്ന് വ്യക്തമല്ല. രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി (നം 27/ 2021-22, 30.09.2022) ക്ക് മറുപടി നൽകി. അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 അങ്കണവാടി കെട്ടിടങ്ങൾക്കുള്ള ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- നടപടി അനിവാര്യം

സ. ഉ(കൈ)നം.11/2018/തസ്വഭവ തീയതി 29.01.2018 ഖ7.8.2 (1),(2) എന്നിവ പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും സ്ഥലവും ലഭ്യമാക്കുന്നതിനായി പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണെന്നും കൂടാതെ അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണമെന്നും പറയുന്നു. തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പിന്റെ 3-9-2010 ലെ നമ്പർ 39033/ഡി.സി.2 /2010ത.സ്വ.ഭ.വ സർക്കുലർ പ്രകാരം അനുപൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 26,10,013 മുന്നിരിപ്പും 14,26,719/- നീക്കിയിരിപ്പും ഈ ഇനത്തിൽ ഉണ്ടായിരുന്നുവെങ്കിലും ഇത്തരത്തിൽ അങ്കണവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പ്രോജക്ടുകൾ ഒന്നും തന്നെ വിഭാവനം ചെയ്തിട്ടില്ല. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 22/21-22

29.09.2022) ക്ക് അങ്കണവാടികളുടെ നിലവിലെ ഭൗതിക സാഹചര്യം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കി ആയത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഭൗതിക സാഹചര്യം | അംഗൻവാടികളുടെ എണ്ണം |
|---|---|---|
| 1 | സ്വന്തം കെട്ടിടമില്ലാത്തവ | 12 |
| 2 | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 10 |
| 3 | ചുറ്റുമതിൽ ഇല്ലാത്തവ | 2 |
| 4 | ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് സൗകര്യം ഇല്ലാത്തവ | 18 |

| | | |
|---|---|---|
| 5 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 0 |
| 6 | കടിവെള്ള കണക്ഷൻ ഇല്ലാത്തവ | 0 |
| 7 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത അംഗൻവാടികളുടെ എണ്ണം | 0 |

## 1-19 പഠന മുറി നിർമ്മാണം- കെട്ടിടങ്ങളുടെ വിസ്തീർണം കണക്കാക്കുന്നതിൽ അപാകത

| ക്രമ നം. | 1 | 2 |
|---|---|---|
| പ്രോജക്റ്റ് നം. | SO144/22 | SO046/22 |
| പ്രോജക്റ്റിന്റെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ | 250000(വി.ഫ.) | 1600000(വി.ഫ.) |
| ചെലവ് | 250000 | 1600000 |

പട്ടിക ജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. സബ്സിഡി മാർഗരേഖ പ്രകാരം (14.02.2018ലെ സ.ഉ(കൈ)നമ്പർ 22/ 2018 തസ്വഭവ)800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടുള്ള ഗുണഭോക്താവിനാണ് പദ്ധതി ആനുകൂല്യം നൽകേണ്ടത്. എന്നാൽ പ്രോജക്റ്റ് നമ്പർ 144/22 പ്രകാരം തുക കൈപ്പറ്റിയ ശ്രീ.ബാബു F/O ശബരി ബാബു, ചന്തിരം , കടകം എന്ന ഗുണഭോക്താവിന്റെ 9/217/d നമ്പർ വീടിന് സഞ്ചയ പ്രകാരം 1002.12 ചതുരശ്ര അടി വിസ്തീർണവും പ്രോജക്റ്റ് നമ്പർ 46/22 പ്രകാരം തുക കൈപ്പറ്റിയ ശ്രീ. ശശികുമാർ F/O അഭിജിത്ത്, പി.എസ് മന്ദിരം, പുളുത്തുരുത്തി എന്ന ഗുണഭോക്താവ് സമർപ്പിച്ച 13/129 നമ്പർ വീടിന്റെ പ്ലാൻ പ്രകാരം വീടിന് 813.75 ചതുരശ്ര അടി വിസ്തീർണവുമുണ്ട് . ശ്രീ.ബാബുവിന്റെ ഉടമസ്ഥതയിലുള്ള 9/217/d നമ്പർ വീടിന്റെ വസ്തുനികുതി നാളിതുവരെ സഞ്ചയയിൽ ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. കൂടാതെ മേൽ പ്രോജക്റ്റുകൾ പ്രകാരം വിവിധ ഗുണഭോക്താക്കൾ നിർമ്മിച്ച മുറിയുടെ വിസ്തീർണം നാളിതുവരെ സഞ്ചയയിൽ ഉൾപ്പെടുത്തി പ്രസ്തുത കെട്ടിടങ്ങളുടെ നികുതി പുനർ നിർണയം നടത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് ലഭിച്ച എൻക്വയറിയുടെ മറുപടിയിൽ കെട്ടിടങ്ങളുടെ സ്ഥലപരിശോധന നടത്തി അർഹത ഉറപ്പുവരുത്തിയ ശേഷമാണ് തുക നൽകിയത് എന്നാണ് വി.ഇ.ഒ അറിയിച്ചിട്ടുള്ളത്. വസ്തു നികുതി ഡിമാന്റ് ചെയ്യാത്ത കെട്ടിടത്തിന്റെ, കൂട്ടിച്ചേർക്കൽ ഉൾപ്പെടെയുള്ള ഭാഗത്തിന്റെ നികുതി നിർണയിക്കുമെന്നും മറ്റ് കെട്ടിടങ്ങളുടെ വിസ്തീർണം സഞ്ചയയിൽ രേഖപ്പെടുത്തി നികുതി പുനർ നിർണയിക്കുമെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ കർശനമായും പാലിച്ച് പദ്ധതി ആനുകൂല്യം നൽകേണ്ടതും കെട്ടിടത്തിന്റെ വിസ്തീർണം കൃത്യമായും രേഖപ്പെടുത്തി നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

## 1-20 ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | SO231/22 |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് ഭവന പദ്ധതി ഭൂരഹിതർക്ക് ഭൂമി വാങ്ങൽ |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 1 |
| അടങ്കൽ | 5000000 |
| ചെലവ് | 5000000 |

ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ആകെ 25 ഗുണഭോക്താക്കൾക്കാണ് പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകിയത്. എന്നാൽ ഭൂമി വാങ്ങിയ താഴെപ്പറയുന്ന 3 ഗുണഭോക്താക്കൾ നാളിതുവരെ ഭൂമിയുടെ പോക്ക് വരവ് നടത്തി കരം ഒടുക്കിയതിന്റെ രേഖകൾ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല.

1)ബേബി ശിവദാസൻ, പറമ്പുവിളാകം

2)സുകമാരി, നെൻമേലിൽ വീട്

3)ഭാമിനി ചെല്ലപ്പൻ, ചാരുവിള

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/01.10.2022)ലഭിച്ച മറുപടിയിൽ രേഖകൾ ഹാജരാക്കി അസൽ

പ്രമാണം കൈപ്പറ്റുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 കെട്ടിടങ്ങളുടെ വിവരം നികുതി നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.അർഹത മാനദണ്ഡം നിശ്ചയിക്കുന്നതിൽ അപാകത

| | |
|---|---|
| പ്രോജക്റ്റ് നം | S0085/22 |
| പ്രോജക്റ്റിന്റെ പേര് | മേൽക്കൂരമാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ |
| നിർവഹണം | വി.ഇ.ഒ സർക്കിൾ 2 |
| അടങ്കൽ | 900000(വി.ഫ.) |
| ചെലവ് | 900000 |

നിലവിലുള്ള വീടുകളുടെ മേൽക്കൂര മാറ്റി സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത് . സബ്സിഡി മാർഗരേഖ പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ച് എട്ട് വർഷം കഴിഞ്ഞവർക്കാണ് ആനുകൂല്യത്തിന് അർഹത. പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി മീന W/O ഷിബു , കുന്നവിള വീട്, കോട്ടപ്പുറം സമർപ്പിച്ച അപേക്ഷ പ്രകാരം 8/265/A നമ്പർ കെട്ടിടത്തിനാണ് മേൽക്കൂര മാറ്റി സ്ഥാപിക്കുന്നതിനായി ആനുകൂല്യം നൽകിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ പ്രസ്തുത കെട്ടിടം 2021 വർഷത്തിലാണ് നികുതി നിർണയം നടത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ (35/01.10.2022) ശ്രീമതി മീന സമർപ്പിച്ച അപേക്ഷ പ്രകാരമുള്ള കെട്ടിടത്തിന്റെ വിവരം സഞ്ചയ അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന് ബോധ്യപ്പെട്ടതിനാൽ അപേക്ഷ ലഭിച്ച കാലയളവ് മുതൽ കെട്ടിട വിവരം സഞ്ചയയിൽ ഉൾപ്പെടുത്തി നികുതി നിർണയം നടത്തി എന്നാണ് അറിയിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ വിവരം ഇപ്രകാരം രേഖപ്പെടുത്തിയതിനാൽ സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വിവരം സഞ്ചയയിൽ രേഖപ്പെടുത്താത്തത് സംബന്ധിച്ച് മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ലൈഫ് ഭവന പദ്ധതി-ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിയുടെ ആദ്യ ഗഡു തുക കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണത്തിന്റെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

| ക്രമ നം | പേര് | വിലാസം | വിഭാഗം | കൈപ്പറ്റിയ തീയതി | തുക |
|---|---|---|---|---|---|
| 1 | ജ്യോതി ബാബു | ബി.എസ് നിവാസ്, ചിറയിൻകീഴ് | ജനറൽ | 24.07.2018 | 40000 |
| 2 | പ്രസന്ന | അയന്തിയിൽ പുത്തൻവീട്, ആനത്തലവട്ടം | ജനറൽ | 07.09.2018 | 40000 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ 37/01.10.2022 ന് ലഭിച്ച മറുപടിയിൽ ക്രമ നം.1 പ്രകാരമുള്ള ഗുണഭോക്താവിന് രേഖാമൂലം അറിയിപ്പ് നൽകിയെങ്കിലും തുക തിരികെ ഒടുക്കിയിട്ടില്ലെന്നും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം.2 പ്രകാരമുള്ള ഗുണഭോക്താവിന്റെ വസ്തുവിന്മേൽ ആറ്റിങ്ങൽ മുനിസിഫ് കോടതിയിൽ വ്യവഹാരം നിലനിൽക്കുന്നതിനാൽ നിലവിൽ ഭവനം നിർമ്മിക്കാൻ സാധ്യമല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി മാർഗരേഖ, കരാർ വ്യവസ്ഥ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-23 ജി.ഐ.എസ് മാപ്പിംഗ് പദ്ധതി

| | |
|---|---|
| പദ്ധതിയുടെ പേര് | ജി.ഐ.എസ് മാപ്പിംഗ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 160/22 |
| അടങ്കൽ | ധനകാര്യ കമ്മീഷൻ അവാർഡ് 1734073 + വികസനഫണ്ട് 441878 |
| ചെലവ് | 1979145/- |

| | |
|---|---|
| ബിൽ നമ്പർ | 441878/-26/30.10.21 |

പഞ്ചായത്തിന്റെ ജി ഐ എസ് മാപ്പിംഗ് പ്രവൃത്തികൾ നടത്തിയത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരമാണ്. 1.ഗ്രാമപഞ്ചായത്തും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുമായി 09.08.2021ന് ഏർപ്പെട്ടകരാർ പ്രകാരം താഴെ പറയുന്ന സംവിധാനങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്.

1.Base Map Preparation

2.Drone Survey Specification

3.DGPS Survey

4.Image Processing

5.Geo Enabled Survey Of Road Network And Data Generation

6.Household Survey

7.Software/Equipment Specification

8.GIS Platform

9.Creating Webportal

10.Classification Of Data Such As Demographic Data,socio Economic Data Etc.

മേൽ സംവിധാനങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം - 9തീയതി 27.09.2022.)

2. സർക്കാർ ഉത്തരവ് (ആർ.ടി) 2556/2018/ത.സ്വ.ഭ.വ തീയതി 04-10-2018, ഉത്തരവ് പ്രകാരം ജി ഐ എസ് മാപ്പിംഗ് ഐ.കെ.എം സൂപ്പർവൈസ് ചെയ്യേണ്ടതാണ് എന്നും ഐ.കെ.എം ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാൻ സാധിക്കുന്ന വിധത്തിൽ വേണം ജി ഐ എസ് മാപ്പിംഗ് നടത്തേണ്ടതെന്നും പ്രോപ്പർട്ടി അസസ് മെന്റിന് ജി ഐ എസ് മാപ്പിംഗ് ഉപകരിക്കണമെന്നും തദ്ദേശ സ്ഥാപന തലത്തിലുള്ള കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ കൂടി മാപ്പിംഗ് പരിധിയിൽ കൊണ്ടുവരണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഡാറ്റ തയ്യാറാക്കി മേൽ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡേറ്റ ശരിയാണോ എന്ന് റാൻഡം ചെക്കിംഗിലൂടെ കണ്ടെത്തേണ്ടതാണ്.

3. പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾ കൂട്ടിച്ചേർക്കുന്നതിന് നിലവിൽ പഞ്ചായത്തിൽ സംവിധാനമുണ്ടോ എന്നതും നിലവിലുള്ള ഡാറ്റയിൽ അപ്ഡേഷൻ നടത്തുന്നുണ്ടോ എന്നതും അപ്ഡേഷൻ നടത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരവും വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

4.ബേസ് മാപ്പിന്റെ കോപ്പി ലഭ്യമായിട്ടുണ്ട്.

5. ജി ഐ എസ് മാപ്പിംഗ് ഡേറ്റയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട ക്ലർക്കുമാരും മറ്റും പരിശോധിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഡേറ്റയുടെ ആധികാരികത ടെക്നിക്കൽ കമ്മിറ്റി കൂടി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ജി ഐ എസ് മാപ്പിംഗ് ലക്ഷ്യ പ്രാപ്തിയിൽ എത്തിക്കുന്നതിനും പഞ്ചായത്തിന്റെ ദൈനംദിന ചുമതലകൾ നിറവേറ്റുന്നതിന് ഫലപ്രദമായ രീതിയിൽ വികസിപ്പിക്കുന്നതിനും നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-24 ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ-വാഹനം കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കണം.

| | |
|---|---|
| പദ്ധതിയുടെ പേര് | ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 198/22 |
| അടങ്കൽ | ധനകാര്യ കമ്മീഷൻ അവാർഡ്<br>135000 + കേന്ദ്രാവിഷ്കൃത ഫണ്ട് 31500 |
| ചെലവ് | 135000/- |
| ബിൽ നമ്പർ | 53/26.3.22 |

ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് 2021-22 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ഹരിതകർമ്മസേനയ്ക്കായി ഓട്ടോ വാങ്ങിയിട്ടുണ്ട് (Reg No-KL16Z 7950). വാഹനം ഹരിതകർമ്മസേനയ്ക്ക് കൈമാറിയ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം - 11 തീയതി 27.09.2022 ന മറുപടിയായി വാഹനം കൈമാറുന്നതിനുള്ള നടപടികൾ ഉടൻതന്നെ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

നടപടിക്രമങ്ങൾ പൂർത്തിയാക്കി ഹരിതകർമ്മസേനയുമായി കരാർ ചമച്ച് വാഹനം കൈമാറി വിവരം അറിയിക്കേണ്ടതാണ്.

## 1-25 വാമനപുരം-കരിന്ത്വാകടവ് തീരസംരക്ഷണം-പരിപാലനത്തിന്റെ അഭാവം-നിർമ്മിതികൾ നാശത്തിന്റെ വക്കിൽ

| | |
|---|---|
| പദ്ധതിയുടെ പേര് | വാമനപുരം-കരിന്ത്വാകടവ് തീരസംരക്ഷണം |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 250/22 |
| അടങ്കൽ | 2,00,000/-<br>കേരളസംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് ഫണ്ട് |
| ചെലവ് | 83470/- |
| വൌച്ചർ നമ്പർ | 16300/-1044/9.3.22<br>14070/-1111/26.3.22<br>50000/-1030/5.3.22<br>3100/-1126/31.3.22 |

വാമനപുരം-കരിന്ത്വാകടവ് തീരസംരക്ഷണത്തിന്റെ ഭാഗമായി 2000 മുള, ഈറ തൈകൾ വച്ചുപിടിപ്പിക്കുന്നതിനും മുള ബഞ്ച്, തണൽക്കൂടാരം എന്നിവ നിർമ്മിച്ച വകയിലും 83470/-രൂപ ചെലവാക്കിയിട്ടുണ്ട്. 01.10.2022ന് നടത്തിയ സ്ഥലപരിശോധനയിൽ തൈകൾ നട്ടിട്ടുള്ളതായി കാണുവാൻ കഴിഞ്ഞില്ല. കൂടാതെ മുള ബഞ്ചും(5 എണ്ണം) തണൽക്കൂടാരവും പരിപാലനമില്ലാതെ നശിക്കുന്നതായും കാണുവാൻ കഴിഞ്ഞു.

ഓഡിറ്റ് അന്വേഷണം നം -38തീയതി 01.10.2022ന് മറുപടിയായി മുളകൾ പല വാർഡുകളിലായി നട്ടിട്ടുള്ളതായും കരിന്ത്വാകടവിൽ 980 ഓളം തൈകൾ നട്ടിരുന്നതായും നദിയിൽ വെള്ളം ഉയർന്നതിനാൽ തൈകൾ നശിച്ചതായും അറിയിച്ചിട്ടുണ്ട്.പഞ്ചായത്തിന്റെ കൃത്യമായ പരിപാലനമില്ലാത്തതിനാലാണ് ബഞ്ചുകളും തണൽക്കൂടാരവും മറ്റും നാശോന്മുഖമായിക്കൊണ്ടിരിക്കുന്നത്. ആസ്തികൾ പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.





## 1-26 കുടിവെള്ള ചാർജ്ജ് അടവാക്കൽ - വാട്ടർ അതോറിറ്റിൽ നിന്നുള്ള ബില്ലുകളിലെ കുടിശ്ശിക-വ്യക്തത വരുത്തണം

1)

| | |
|---|---|
| പദ്ധതിയുടെ പേര് | കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ള ചാർജ്ജ് അടവാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 153/22 |
| അടങ്കൽ | 444817/-ധനകാര്യ കമ്മീഷൻ |
| ചെലവ് | 444817/- |
| ബിൽ നമ്പർ | 40/11.2.22 |

2)

| | |
|---|---|
| പദ്ധതിയുടെ പേര് | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 67/22 |
| അടങ്കൽ | 500000/-മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | 500000/- |
| ബിൽ നമ്പർ | 35/15.1.22 |

2021-22 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതികൾക്കായി 9,44,817/-രൂപ വാട്ടർഅതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. 356 ടാപ്പുകളുടെ ബില്ലാണ് വാട്ടർ അതോറിറ്റി ലഭ്യമാക്കുന്നത്. വെള്ളക്കരം അടവാക്കുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ഹാജരാക്കിയ ഫയൽ

പരിശോധിച്ചപ്പോൾ 2012-13 മുതൽ 2021-22 വർഷം വരെ 1,16,97,725/-രൂപ വാട്ടർ അതോറിറ്റിയിൽ വെള്ളക്കരമിനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നും നിലവിൽ ലഭ്യമാകുന്ന ബില്ലുകളിലും വൻതുക കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

ഉദാഹരണമായി 2022 ഏപ്രിൽ മാസത്തെ ബിൽ വിവരം ചുവടെ ചേർക്കുന്നു.

Closing Balance-7994675

Fine-156879

Demand For The Month-171711

Total-8323265/-

കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുകയുടെ വിവരങ്ങളും കുടിശ്ശിക തുക സംബന്ധിച്ച വ്യക്തതക്കുമായി 19.7.22 ന് വാട്ടർ അതോറിറ്റിക്ക് പഞ്ചായത്ത് കത്ത് നൽകിയിട്ടുള്ളതിന് വാട്ടർ അതോറിറ്റി മറുപടി നൽകിയിട്ടില്ല. വളരെ വലിയ തുകകൾ അടവാക്കുന്നുണ്ടെങ്കിലും വീണ്ടും വലിയ തുക കുടിശ്ശിക വരുന്നതിന്റെ കാരണം വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് മനസ്സിലാക്കേണ്ടതും കുടിശ്ശിക ഒഴിവാക്കുന്നതിനുള്ള ഭരണപരമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മുൻ വർഷങ്ങളിൽ തിട്ടപ്പെടുത്തിയ വാട്ടർ ടാപ്പുകളുടെ എണ്ണത്തിന് അനുസൃതമായാണ് വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് വരുന്നത്. ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയ പൈപ്പുകളിൽ കേടായ പൈപ്പുകൾ, ജല ലഭ്യത ഇല്ലാത്തവ എന്നിവ ഉൾപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടോ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡിഎ1/7/2019 തീയതി 21.2.2019 പ്രകാരം പഞ്ചായത്ത് പരിധിയിലെ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം കണ്ടുപിടിക്കുന്നതിനായി പഞ്ചായത്തും വാട്ടർ അതോറിറ്റിയും സംയുക്തമായി പരിശോധന നടത്തിയിട്ടുണ്ടോ മുതലായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം.29 തീയതി 1.10.2022 ന്റെ മറുപടിയിൽ സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്നറിയിച്ചിരിക്കുന്നു.

സംയുക്ത പരിശോധന നടത്തി പ്രവൃത്തനക്ഷമമായ വാട്ടർ ടാപ്പുകളുടെ ചാർജ്ജ് മാത്രം അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക തുകയുടെ കാര്യത്തിലും പഞ്ചായത്തിനനുകൂലമായ നടപടികൾ ലഭ്യമാകുന്നതിന് ശ്രമിക്കേണ്ടതാണ്.

## 1-27 കമ്പ്യൂട്ടറുകൾക്ക് എ എം സി കെൽട്രോണിന് അധികമായി നൽകിയ തുക ക്രമപ്പെടുത്തണം

| | |
|---|---|
| പദ്ധതിയുടെ പേര് | കമ്പ്യൂട്ടറുകൾക്ക് എ എം സി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 11/22 |
| അടങ്കൽ | 98176 /-വികസനഫണ്ട് |
| ചെലവ് | 98176/- |
| ബിൽ നമ്പർ | 31/13.01.22 |

പഞ്ചായത്തിലെ കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും എ എം സിയ്ക്കായി കെൽട്രോണിന് 98,176/- രൂപ നൽകിയിരുന്നു. എന്നാൽ എ എം സിയിൽ ഏർപ്പെട്ടിരുന്ന 5 KVA Igatech UPSന് (എ എം സി തുക 9600/-)കേടുപാടുകൾ സംഭവിച്ചതിനാലും പുതിയUPS വാങ്ങുവാൻ തീരുമാനിച്ചതിനാലും Igatech UPSന്റെ എ എം സി ഒഴിവാക്കണമെന്ന് കെൽട്രോണിനോട് പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു.

9600/- രൂപ കെൽട്രോണുമായി ബന്ധപ്പെട്ട് ക്രമപ്പെടുത്തിയതിന്റെ വിശദവിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം - 5തീയതി 27.09.2022ന്റെ മറുപടിയിൽ 9600/-രൂപ ഒഴിവാക്കി കെൽട്രോൺ ലഭ്യമാക്കിയ പുതിയ എ എം സി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ 9600/- രൂപ കെൽട്രോൺ തിരികെ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. ആയതിനാൽ കെൽട്രോണിൽ നിന്നും തുക തിരികെ ഈടാക്കുകയോ തുടർ എ എം സികളിൽ ക്രമപ്പെടുത്തുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-28 എസ്എസ്എ വിഹിതം തെറ്റായ അക്കൗണ്ടിലേയ്ക്ക് ഒടുക്കി-672918 രൂപ ലാപ്സായിരിക്കുന്നു

1.

| | |
|---|---|
| പദ്ധതിയുടെ പേര് | എസ്എസ്എ വിഹിതം അടവാക്കൽ |
| പദ്ധതി നമ്പർ | 28/22 |
| പദ്ധതി അടങ്കൽ | 272918 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 272918 (വികസന ഫണ്ട് പൊതുവിഭാഗം) |
| എസിആർ ബിൽ നം./തീയതി | 112/21.10.21 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

2.

| | |
|---|---|
| പദ്ധതിയുടെ പേര് | എസ്എസ്എ വിഹിതം അടവാക്കൽ (എസ് സി പി) |
| പദ്ധതി നമ്പർ | 29/22 |
| പദ്ധതി അടങ്കൽ | 400000 (വികസന ഫണ്ട് എസ് സി പി) |
| പദ്ധതി ചെലവ് | 400000 (വികസന ഫണ്ട് എസ് സി പി) |
| എസിആർ ബിൽ നം./തീയതി | 113/21.10.21 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

മേൽ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിൽ നിന്നുള്ള എസ്എസ്എ വിഹിതമായി യഥാക്രമം 272918 രൂപ, 400000 രൂപ എന്നിങ്ങനെ ആകെ 672918 രൂപ എസ്എസ്എ ജില്ലാ പ്രോജക്ട് ഓഫീസറുടെ പേരിൽ അനുവദിച്ച നൽകിയെങ്കിലും പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.20/29.09.22 നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടി പ്രകാരം തുകകൾ ട്രാൻസ്ഫർ ചെയ്യുന്നതിനായി ബില്ലിനോടൊപ്പം നൽകിയ എസ്എസ്എ യുടെ അക്കൗണ്ട് സീറോ ബാലൻസ് ആക്കിയതിനാൽ തുക പ്രസ്തുത അക്കൗണ്ടിലേയ്ക്ക് പോയിട്ടില്ലായെന്നും തുകകൾ തിരികെ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിലേയ്ക്ക് തന്നെ വന്നിട്ടുള്ളതായും അറിയിച്ചിരിക്കുന്നു. കൂടാതെ തുക ചെലവഴിക്കാത്തതിനാൽ ധനവിനിയോഗ സാക്ഷ്യപത്രം ഇല്ലായെന്നും അറിയിച്ചിരിക്കുന്നു. മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുള്ള ആറ്റിങ്ങൽ സബ് ട്രഷറി ഓഫീസറുടെ സർട്ടിഫിക്കറ്റിലും തെറ്റായ ബെനിഫിഷ്യറി ഡീറ്റയിൽസ് നൽകിയതിനാൽ മേൽ തുകകൾ പേരന്റ് അക്കൗണ്ടിലേക്ക് (3604-00-911-99-N-V) ക്രെഡിറ്റ് വന്നിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

എന്നാൽ 2021 ഒക്ടോബർ മാസം മാറിയ ട്രഷറി ബില്ലുകൾ പ്രകാരമുള്ള തുകകൾ ബന്ധപ്പെട്ട ബെനിഫിഷ്യറിയ്ക്ക് ലഭിച്ചിട്ടുണ്ടോയെന്ന് യഥാസമയം പരിശോധന നടത്താത്തതും അപാകത സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാത്തതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ അനാസ്ഥയാണ്. മോണിറ്ററിംഗിലൂടെ മേൽ പിഴവ് യഥാസമയം കണ്ടെത്തിയിരുന്നുവെങ്കിൽ 672918 രൂപ സർക്കാരിലേയ്ക്ക് പോകുന്നതിനു മുൻപായി ശരിയായ അക്കൗണ്ട് നം. നൽകി വിനിയോഗിക്കാമായിരുന്നു. ഇത്തരം സാഹചര്യങ്ങൾ ഭാവിയിൽ ഒഴിവാക്കുന്നതിന് മോണിറ്ററിംഗ് ശക്തമാക്കേണ്ടതാണ്.

## 1-29 വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - മോണിറ്ററിംഗ് ഫലപ്രദമല്ല

2021-22 സാമ്പത്തിക വർഷം വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി 2368014 രൂപയുടെ ആകെ 7 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ വളർത്തുമൃഗങ്ങളെ/പക്ഷികളെ വാങ്ങി നൽകുന്ന ചുവടെ പറയുന്ന 3 പദ്ധതികളും ഉൾപ്പെടുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | 93/22-ആട്ട വളർത്തൽ (ജനറൽ വനിത) | 27 | 216000 |
| 2 | 93/22-ആട്ട വളർത്തൽ (പട്ടികജാതി വിഭാഗം) | 39 | 624000 |
| 3 | 80/22-മുട്ടക്കോഴി വളർത്തൽ-പട്ടികജാതി വിഭാഗം വനിത | 115 | 138000 |

മേൽ പദ്ധതികളുടെ പ്രോജക്ട് രൂപീകരണ ഫോറത്തിൽ ബന്ധപ്പെട്ട വളർത്തു മൃഗങ്ങളെ വാങ്ങി നൽകുമ്പോൾ അവയെ പാർപ്പിക്കാൻ കൂട് നിർബന്ധമായും ഉണ്ടായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വളർത്തുമൃഗങ്ങളെ/പക്ഷികളെ വാങ്ങി നൽകുമ്പോൾ അവയ്ക്ക് വൃത്തിയുള്ള താമസ സൗകര്യം ഉണ്ടോ എന്ന പരിശോധന നടത്തിയുള്ളതായി കാണുന്നില്ല. കൂടാതെ പദ്ധതി പ്രകാരം ഓരോ യൂണിറ്റിലും എത്ര ഉൽപാദനം നടന്നു എന്നുള്ളതും പക്ഷിമൃഗാദികളുടെ ആരോഗ്യകരമായ പ്രജനന മൂലം പ്രസ്തുത യൂണിറ്റിൽ എത്രമാത്രം വികസനം ഉണ്ടായി എന്നും മോണിറ്ററിംഗ് നടത്തുന്നതായി കാണുന്നില്ല. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ

സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ ഉ (കൈ ) നം ത സ്വ ഭ വ 11/2018 തീയതി 29.1.2018 ഖ- 13 ൽ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും സംബന്ധിച്ച് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 33/01.10.22 ന് മറുപടി ലഭ്യമാക്കിയ മറുപടി പ്രകാരം കോഴി വളർത്തൽ പദ്ധതികളിൽ ഗുണഭോക്താക്കളിൽ നിന്നും കൂട് നിലവിലുണ്ട് എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെന്നും ആട് വളർത്തൽ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ആടുകളെ പാർപ്പിക്കുന്നതിനുള്ള സൗകര്യമുണ്ടെന്ന് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ മോണിറ്ററിംഗ് & കംപ്ലീഷൻ സർട്ടിഫിക്കറ്റ് തയ്യാറാക്കി പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മറുപടി പ്രകാരമുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 കേരസമൃദ്ധി പ്രോജക്ട് സംബന്ധിച്ച അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | കേരസമൃദ്ധി-രോഗം ബാധിച്ച തെങ്ങ് വെട്ടി മാറ്റി പകരം പുതിയവ നടൽ |
| പദ്ധതി നമ്പർ | 114/22 |
| പദ്ധതി അടങ്കൽ | 320000 (വികസന ഫണ്ട് പൊതുവിഭാഗം)<br>100000 (തനത് ഫണ്ട്)<br>20000 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 320000 (വികസന ഫണ്ട് പൊതുവിഭാഗം)<br>100000 (തനത് ഫണ്ട്)<br>20000 (മറ്റുള്ളവ) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെങ്ങ് മുറിച്ച് മാറ്റുന്നതിനു മാത്രമായി തുക വിതരണം ചെയ്തു

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ രോഗം ബാധിച്ച കേടായ തെങ്ങ് മുറിച്ച് മാറ്റി പുതിയ തെങ്ങുകൾ വെച്ചുപിടിപ്പിക്കുന്നതിന് വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ആകെ 129 പേർക്ക് കേടായ തെങ്ങ് മുറിച്ച് മാറ്റുന്നതിന് തുക നൽകിയിട്ടുണ്ടെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം 100 പേർക്ക് മാത്രമാണ് പുതിയ തൈ വിതരണം ചെയ്തിട്ടുള്ളത്. ഇപ്രകാരം 29 പേർക്ക് തെങ്ങ് മുറിച്ച് മാറ്റുന്നതിന് മാത്രമായി തുക അനുവദിച്ചതിനുള്ള കാരണം വ്യക്തമല്ല.

2. ഗുണഭോക്തൃ വിഹിതം ഒടുക്കിയ 39 പേർക്ക് പകരം മറ്റുള്ളവർക്ക് തൈ, വളം എന്നിവ വിതരണം ചെയ്തു

തെങ്ങിൻ തൈ, വളം എന്നിവയുടെ വിലയുടെ 25% ഗുണഭോക്തൃ വിഹിതമായി ഗുണഭോക്താക്കൾ അടയ്ക്കണം. ഒരു യൂണിറ്റിന് (5 പുതിയ തൈ, 30 കിലോ ജൈവവളം) ആകെ 200 രൂപയാണ് അടയ്ക്കേണ്ടത്. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത രസീത് ബുക്കുകളിൽ പ്രോജക്ടിന്റെ പേരും തുകയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തുക ഒടുക്കിയ ഗുണഭോക്താവിന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്ററിൽ ഓരോ രസീത് പ്രകാരവും തുക ഒടുക്കിയവരുടെ പേരു വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്. അതു പ്രകാരം ഗുണഭോക്തൃ വിഹിതമായി 200 രൂപ ഒടുക്കിയ ചുവടെ പറയുന്ന 39 പേർക്ക് വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പുതിയ തൈ, വളം എന്നിവ വിതരണം ചെയ്തിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. |
|---|---|---|
| 1 | ബിനു.ആർ, ആർ.ആർ നിവാസ് | 1 |
| 2 | സുനന്ദരേശൻ, കുന്നുബംഗ്ലാവ് വീട് | 3 |
| 3 | ശോഭന, കുറ്റിമാവിൻ വീട് | 3 |
| 4 | ശ്രീകുമാരൻ നായർ, ശ്രീ ആൽത്തറ മൂട് | 4 |
| 5 | സുനിത.ബി, അയിരുമുക്കാട് പുത്തൻവീട് | 4 |
| 6 | എസ്.ജയറാം, പൊലുനിലഴികത്ത് വീട് | 4 |
| 7 | മോഹനൻ.എസ്, കൊച്ചുതൊടിയിൽ വീട് | 4 |
| 8 | മീര, ബി.എം നിവാസ് | 6 |
| 9 | കെ.രാജേന്ദ്രക്കുറുപ്പ്, ആരണ്യ | 6 |
| 10 | വിജയകുമാർ, എമിലിയ | 7 |
| 11 | മിനി അമ്പാടി, ഒറ്റപ്ലാം മുക്ക് | 7 |
| 12 | പ്രീത പ്രസന്നൻ, ശ്രേയസ് | 7 |
| 13 | റാഫിയത്ത് സലാം, തിപ്പാടത്ത് വീട് | 7 |
| 14 | സൂരജ്.പി.മോഹൻ, മോഹന വിലാസം | 7 |
| 15 | ചിത്രാംഗദൻ, പാട്ടവിളാകം | 7 |
| 16 | ലീല, പാട്ടുവിളാകകം, ചിറയിൻകീഴ് | 7 |
| 17 | ഹേമചന്ദ്രൻ.വി.കെ, ചന്ദ്രവിഹാർ | 8 |
| 18 | ലൗജ, ചരുവിള വീട് | 8 |
| 19 | അനിത, ഷിബു മന്ദിരം | 8 |
| 20 | മോഹനൻ, രേവതി | 8 |

| | | |
|---|---|---|
| 21 | പ്രകാശ്.കെ, പ്രകാശ് നിവാസ് | 8 |
| 22 | സുനിത സനകൻ, സച്ചിൻ നിവാസ് | 8 |
| 23 | ഗിരിജ.എസ്, പാർവ്വതി നിവാസ് | 8 |
| 24 | സലീന അഷ്റഫ്, വയൽതിട്ട വീട് | 9 |
| 25 | ഷീജ.ജെ, വാടയിൽ പുത്തൻവീട് | 9 |
| 26 | ഷുക്കൂർ കുട്ടി, കളിയിക്കൽ ഹൗസ് | 10 |
| 27 | എ.എം.ഷക്കീർ, കൊന്നവിളാകം | 12 |
| 28 | അജികുമാർ, രേവതി | 13 |
| 29 | സിന്ധു.സി, ശിവശൈലം | 15 |
| 30 | ഓമന അമ്മ.ഡി, കൊച്ച്വാഴ്വേലിൽ വീട് | 16 |
| 31 | സജീവ്, കളത്തിൽ വീട് | 17 |
| 32 | സുജ സബിൻ, പ്രണവം | 17 |
| 33 | ജയശ്രീ.എസ്, പുന്നമൂട് വീട് | 17 |
| 34 | ഭുവനചന്ദ്രൻ, കതിരവിള വീട് | 18 |
| 35 | മാധവൻ മധു, മണിച്ചിയിൽ വീട് | 19 |
| 36 | ശ്രീകുമാരി.ടി, അതിയത്ത് വീട് | 19 |
| 37 | സുഗന്ധി.എസ്, വൃന്ദാവനം | 8 |
| 38 | ശോഭന, ബി.എസ് നിവാസ് | 8 |
| 39 | രാമചന്ദ്രൻ ചെട്ടിയാർ | 8 |

3. ചുവടെ പറയുന്ന ഗുണഭോക്താക്കൾ 2 യൂണിറ്റിനുള്ള ഗുണഭോക്തൃ വിഹിതമായ 400 രൂപ ഒടുക്കിയിട്ടുണ്ടെങ്കിലും ഒരു യൂണിറ്റ് മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. |
|---|---|---|
| 1 | അനിൽദേവ്.വി.എൽ, ആതിര | 6 |
| 2 | ഷിജു, ഷിബു കോട്ടേജ് | 7 |
| 3 | സുര.ബി, സരോവരം | 8 |
| 4 | അനീഷ്, ഭാരതീയ നിവാസ് | 9 |

വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ഗുണഭോക്തൃ വിഹിതം ഒടുക്കാത്ത 43 പേർക്ക് തൈ, വളം എന്നിവ വിതരണം ചെയ്തിട്ടുള്ളതായും കാണുന്നു. ഇപ്രകാരം ഗുണഭോക്തൃ വിഹിതം ഒടുക്കിയ അർഹരായവർക്ക് ആനുകൂല്യം നൽകാതെ ഗുണഭോക്തൃ വിഹിതം അടയ്ക്കാത്തവർക്ക് ആനുകൂല്യം അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.34/01.10.22 ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. തെങ്ങ് മുറിച്ച് മാറ്റുന്നതിന് തുക നൽകിയ 129 പേരിൽ 29 പേർ സ്ഥലപരിമിതിയുടെ പേരിൽ തെങ്ങിൻ തൈ നിരസിച്ചു എന്ന മറുപടി തൃപ്തികരമല്ല. കേടായ തെങ്ങ് മുറിച്ച് മാറ്റി പുതിയ തെങ്ങുകൾ വെച്ചുപിടിപ്പിക്കുന്നതിന് വേണ്ടിയാണ് പദ്ധതി. അതിനാൽ കേടായ തെങ്ങിൻ തൈ മുറിച്ച് മാറ്റിയിട്ടും പുതിയ തൈ വെയ്ക്കുന്നതിന് സ്ഥലമില്ല എന്നത് അംഗീകരിക്കാനാവില്ല. കൂടാതെ സ്ഥലപരിമിതിയുള്ളവരെ പ്രസ്തുത പ്രോജക്ടിന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമല്ല. അതിനാൽ അനർഹമായി 29 പേർക്ക് തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

2. ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത രസീത് ബുക്കുകളിൽ തുക ഒടുക്കിയ ഗുണഭോക്താവിന്റെ പേര് രേഖപ്പെടുത്താൻ വിട്ടു പോയത് ക്ലറിക്കൽ അപാകതയാണെന്ന് അംഗീകരിക്കാനാവില്ല. ഭാവിയിൽ ഇത്തരം അപാകത വരാതെ ശ്രദ്ധിക്കേണ്ടതാണ്.

3. ഗുണഭോക്തൃ വിഹിതം ഒടുക്കിയവർക്കു തന്നെയാണ് തൈ, വളം എന്നിവ വിതരണം ചെയ്തിട്ടുള്ളതെന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയതിൽ വന്ന അപാകതയാണെന്നുമുള്ള മറുപടി അംഗീകരിക്കുന്നില്ല. ഗുണഭോക്തൃ വിഹിതം ഒടുക്കിയ 39 പേർക്ക് പുതിയ തൈ, വളം എന്നിവ വിതരണം ചെയ്യാത്തതിനും 2 യൂണിറ്റിനുള്ള ഗുണഭോക്തൃ വിഹിതം ഒടുക്കിയ 4 ഗുണഭോക്താക്കൾക്ക് ഒരു യൂണിറ്റ് മാത്രം വിതരണം ചെയ്തതിനും മേൽപ്പറഞ്ഞ 43 പേർക്കുള്ള (39+4) ആനുകൂല്യം ഗുണഭോക്തൃ വിഹിതം ഒടുക്കാത്ത 43 പേർക്കായി അനുവദിച്ചതിനും വിശദീകരണം നൽകേണ്ടതാണ്.

## 1-31 ജീവനി പ്രോജക്ട് - ഗുണഭോക്തൃ വിഹിതം ഒടുക്കാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ജീവനി-ജൈവ പച്ചക്കറി കൃഷി (ഗ്രൂപ്പുകൾക്ക്) |
| പദ്ധതി നമ്പർ | 34/22 |
| പദ്ധതി അടങ്കൽ | 75000 (വികസന ഫണ്ട് എസ്.സി.പി)<br>8400 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 75000 (വികസന ഫണ്ട് എസ്.സി.പി)<br>8400 (മറ്റുള്ളവ) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

എ) ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 25 സെന്റ് സ്ഥലത്ത് സ്വന്തമായോ പാട്ടത്തിനെടുത്തോ പച്ചക്കറി കൃഷി ചെയ്യുന്ന ഗ്രൂപ്പുകളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. 30 യൂണിറ്റ് വിത്ത്, ജൈവവളം എന്നിവയാണ് പദ്ധതി വഴി വിതരണം ചെയ്തിട്ടുള്ളത്. ജൈവവളത്തിന്റെ വിലയുടെ 25% ഗുണഭോക്തൃ വിഹിതമായി പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. ഗുണഭോക്തൃ വിഹിതത്തിന്റെ കളക്ഷൻ രജിസ്റ്റർ പ്രകാരം 20 ഗ്രൂപ്പുകളാണ് 30 യൂണിറ്റിനുള്ള ഗുണഭോക്തൃ വിഹിതം ഒടുക്കിയിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കളായ ഗ്രൂപ്പുകൾക്ക് കൂലി സബ്ഡിഡി അനുവദിച്ചുകൊണ്ടുള്ള ട്രഷറി ബിൽ നം. 20/04.01.22 പ്രകാരം ആകെ 24 ഗ്രൂപ്പുകൾക്കാണ് സബ്സിഡി തുക അനുവദിച്ചിട്ടുള്ളത് (ആകെ ബിൽ തുക -40800 രൂപ). കൂടാതെ വിതരണ രജിസ്റ്ററിലും 24 ഗ്രൂപ്പുകൾക്ക് തൈ, ജൈവവളം എന്നിവ വിതരണം ചെയ്തതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഒരു യൂണിറ്റിനുള്ള ഗുണഭോക്തൃ വിഹിതം (തുക - 280 രൂപ) ഒടുക്കിയ ഗ്രൂപ്പുകൾക്ക് 1360 രൂപയാണ് കൂലി സബ്സിഡി അനുവദിക്കുന്നത്. എന്നാൽ ചുവടെ പറയുന്ന, ഒന്നിൽ കൂടുതൽ യൂണിറ്റിനുള്ള ഗുണഭോക്തൃ വിഹിതം അടച്ച ഗ്രൂപ്പുകൾക്ക് അതിനർഹമായ കൂലി സബ്സിഡി അനുവദിക്കാതെയാണ് ഗുണഭോക്തൃ വിഹിതം ഒടുക്കാത്ത ഗ്രൂപ്പുകൾക്ക് തുക അനുവദിച്ചിരിക്കുന്നത്.

| ക്രമ നം. | ഗ്രൂപ്പിന്റെ പേര് | ഒടുക്കിയ ഗുണഭോക്തൃ വിഹിതം | അനുവദിച്ച കൂലി സബ്സിഡി | അർഹമായ കൂലി സബ്സിഡി |
|---|---|---|---|---|
| 1 | ഹരിതശ്രീ ജെഎൽജി | 560 | 0 | 2720 |
| 2 | കർഷകശ്രീ കടകം | 560 | 1360 | 2720 |
| 3 | ഹരിതം ജെഎൽജി | 560 | 1360 | 2720 |
| 4 | പൂനിലാവ് ജെഎൽജി | 560 | 1360 | 2720 |
| 5 | സുകന്യ ജെഎൽജി | 560 | 0 | 2720 |
| 6 | ശാർക്കര സമത ജെഎൽജി | 560 | 1360 | 2720 |
| 7 | കൃഷ്ണശ്രീ ജെഎൽജി | 280 | 0 | 1360 |
| 8 | ശിവദുർഗ്ഗ ജെഎൽജി | 280 | 0 | 1360 |

ബി) ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ഗുണഭോക്തൃ വിഹിതം ഒടുക്കാതെ, അനർഹമായി കൂലി സബ്സിഡി ലഭിച്ച ഗ്രൂപ്പുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രൂപ്പിന്റെ പേര് | അനുവദിച്ച കൂലി സബ്സിഡി | അർഹമായ കൂലി സബ്സിഡി |
|---|---|---|---|
| 1 | കൃപ ജെഎൽജി | 1360 | 0 |
| 2 | സ്നേഹ ജെഎൽജി | 1360 | 0 |
| 3 | നക്ഷത്ര ജെഎൽജി | 1360 | 0 |
| 4 | അക്ഷയശ്രീ ജെഎൽജി | 2720 | 0 |
| 5 | ആവണി ജെഎൽജി | 2720 | 0 |
| 6 | ഐശ്വര്യ ജെഎൽജി | 2720 | 0 |
| 7 | സമത വനിതാ കുടുംബശ്രീ | 1360 | 0 |
| 8 | അനുഗ്രഹ ജെഎൽജി | 1360 | 0 |
| | ആകെ | 14960 | |

സി) JLG Affiliation Certificate ഹാജരാക്കാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു.

ഡി) അപേക്ഷകളിൽ ഒന്നും തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ, കൃഷി ഓഫീസർ എന്നിവർ പരിശോധനാ റിപ്പോർട്ട്, വാല്യൂവേഷൻ റിപ്പോർട്ട് എന്നിവയിൽ സാക്ഷ്യപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.44/03.10.22 ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

എ) ഗുണഭോക്തൃ വിഹിതം അടച്ച ചില ഗ്രൂപ്പുകൾ നല്ല രീതിയിൽ കൃഷി ചെയ്യാതെ വന്ന സാഹചര്യത്തിൽ നല്ല രീതിയിൽ കൃഷി ചെയ്തു വന്ന ഗ്രൂപ്പുകൾക്ക് ആനുകൂല്യം മാറ്റിനൽകുകയായിരുന്നുവെന്നാണ് മറുപടി നൽകിയിരിക്കുന്നത്. കൂടാതെ ഗുണഭോക്തൃ വിഹിതം അടച്ചതും ആനുകൂല്യം ലഭിക്കാത്തതുമായ ഗ്രൂപ്പുകൾക്ക് വിഹിതം തിരികെ നൽകിയതായും അറിയിച്ചിരിക്കുന്നു. എന്നാൽ തുക തിരികെ നൽകിയതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല. കൂടാതെ വിതരണ രജിസ്റ്റർ പ്രകാരം കൃഷി ചെയ്തിട്ടുള്ള ഗ്രൂപ്പുകൾക്ക് (പട്ടിക ക്രമ നം.2,3,4,6) ആനുകൂല്യം കുറച്ച് നൽകിയതിനുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ബി) ഗുണഭോക്തൃ വിഹിതം ഒടുക്കാതെ, കൂലി സബ്സിഡി ലഭിച്ച പട്ടിക പ്രകാരമുള്ള ഗ്രൂപ്പുകൾ ഗുണഭോക്തൃ വിഹിതം ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

സി) സിഡിഎസ് ൽ നിന്ന് Affiliation ഉണ്ടെന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകിയതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ അപ്രകാരമുള്ള സാക്ഷ്യപത്രം പ്രോജക്ട് ഫയലിൽ ലഭ്യമല്ലാതിരുന്നതിനാൽ ആയത് ലഭ്യമാക്കേണ്ടതാണ്.

ഡി) ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ, കൃഷി ഓഫീസർ എന്നിവർ പരിശോധനാ റിപ്പോർട്ട്, വാല്യൂവേഷൻ റിപ്പോർട്ട് എന്നിവയിൽ സാക്ഷ്യപ്പെടുത്തുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ഭാവിയിൽ ഇത്തരം പ്രോജക്ടുകളിൽ ഗുണഭോക്തൃ വിഹിതം ഒടുക്കിയവർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടോയെന്നും ഇല്ലായെങ്കിൽ വിഹിതം തിരികെ നൽകുന്നുണ്ടോയെന്നും കൂടാതെ ആനുകൂല്യം ലഭിച്ചവർ ഗുണഭോക്തൃ വിഹിതം ഒടുക്കിയിട്ടുണ്ടോയെന്നും പരിശോധന നടത്തേണ്ടതാണ്.

## 1-32 സുഭിക്ഷകേരളം - തരിശ് കൃഷി പ്രോജക്ട് അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | സുഭിക്ഷകേരളം - തരിശ് കൃഷി |
| പദ്ധതി നമ്പർ | 35/22 |
| പദ്ധതി അടങ്കൽ | 150000 (വികസന ഫണ്ട്) |
| പദ്ധതി ചെലവ് | 150000 (വികസന ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പഞ്ചായത്തിലെ 5 ഹെക്ടർ തരിശു സ്ഥലങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കർഷകനും ഭൂ ഉടമയ്ക്കും ആനുകൂല്യം നൽകുന്നതിനുള്ള പദ്ധതിയാണിത്. പ്രോജക്ട് രൂപീകരണ ഫോറം ക്രമ നം. 42 ലെ അധികവിവരത്തിൽ കഴിഞ്ഞ 3 വർഷങ്ങളായി ഭൂമി തരിശ് കിടക്കുന്നു എന്ന് കൃഷി ഓഫീസർക്ക് ബോധ്യപ്പെട്ടാൽ ടി ആനുകൂല്യം അനുവദിക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരമൊരു പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് പ്രോജക്ട് ഫയലിൽ ലഭ്യമല്ല. കൂടാതെ ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

എ) പല അപേക്ഷകളും പൂർണമല്ല. ചില അപേക്ഷകളിൽ അപേക്ഷകന്റെ ഒപ്പ്, കൃഷിസ്ഥലം സംബന്ധിച്ച രേഖപ്പെടുത്തലുകൾ എന്നിവയില്ല.

ബി) ചില അപേക്ഷകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ, കൃഷി ഓഫീസർ എന്നിവർ പരിശോധനാ റിപ്പോർട്ട്, വാല്യൂവേഷൻ റിപ്പോർട്ട് എന്നിവ പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സി) ചില അപേക്ഷകളിൽ പാട്ടകൃഷി നടത്തുന്നതിന് ഭൂവുടമയുടെ സമ്മതപത്രം/പാട്ടകരാർ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.45/03.10.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അപാകതകൾ പരിഹരിക്കുന്നതിന് ഇനിമേൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 കാർഷിക മേഖലയിലെ പദ്ധതി നടത്തിപ്പ്-സബ്സിഡി മാർഗ്ഗരേഖ പാലിക്കുന്നില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22 ലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷ്മപരിശോധനയിൽ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, ഇതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചുകാണുന്നില്ല.

1) സബ്സിഡി മാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഒന്നും തന്നെ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധന സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) സ.ഉ(കൈ) നം. 11/2018/തസ്വഭവ, തിരുവനന്തപുരം തീയതി: 29.01.2018 ഖണ്ഡിക 13 പ്രകാരം പ്രോജക്ടുകളുടെ മോണിറ്ററിംഗ് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ കൃഷി ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ ഒരു ഫയലിനോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയില്ല.

4) 29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018/ തസ്വഭവ ഖണ്ഡിക 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ സുലേഖയിൽ പ്രോജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. എന്നാൽ ഇപ്രകാരമുള്ള 2021-22 വർഷത്തെ പദ്ധതികളുടെ സുലേഖ പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം പ്രോജക്ട് ഫയലിൽ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.46/03.10.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം അപാകതകൾ വരാതെ ഇനിമേൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ഭാവിയിൽ പ്രോജക്ട് ഫയലിനോടൊപ്പം സൂക്ഷിക്കേണ്ട റിപ്പോർട്ടുകൾ/രേഖകൾ എന്നിവ യഥാസമയം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും പദ്ധതി /സബ്സിഡി മാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-34 കാർഷിക മേഖലയിലെ വിവിധ പ്രോജക്ടുകളിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | അപാകതകൾ |
|---|---|---|
| 1 | 36/22-കേദാരം സമഗ്ര നെൽകൃഷി വികസന പദ്ധതി - ഒന്നാം വിള | 1. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.<br>2. വിതരണ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. ആകെ 7 പേർക്കാണ് തൈ, ജൈവവളം എന്നിവ വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ രജിസ്റ്ററിൽ വിതരണം ചെയ്ത തൈയുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വിതരണം ചെയ്ത ആകെ 5 ഇനം വളങ്ങളുടെ അളവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.<br>3. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം കൂലി സബ്സിഡി സ്ഥലപരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന ഉറപ്പ് |

| | | |
|---|---|---|
| | | വരുത്തിയാണ് നൽകേണ്ടത്. എന്നാൽ അപ്രകാരമുള്ള പരിശോധനാ സാക്ഷ്യപത്രം ഫയലിൽ ഇല്ല. |
| 2 | 37/22-കേദാരം സമഗ്ര നെൽകൃഷി വികസന പദ്ധതി - രണ്ടാം വിള | 1. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.<br>2. പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം കൂലി സബ്സിഡി സ്ഥലപരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന ഉറപ്പ് വരുത്തിയാണ് നൽകേണ്ടത്. എന്നാൽ അപ്രകാരമുള്ള പരിശോധനാ സാക്ഷ്യപത്രം ഫയലിൽ ഇല്ല.<br>3. ചില അപേക്ഷകളിൽ ഗുണഭോക്താക്കൾ ഭൂ ഉടമയുമായി പാട്ടക്കരാർ വെച്ചിട്ടില്ല. |
| 3 | 32/22-സുഭിക്ഷ കേരളം - ഇടവിള കൃഷി വികസനം | ചില അപേക്ഷകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ, കൃഷി ഓഫീസർ എന്നിവർ പരിശോധനാ റിപ്പോർട്ട്, വാല്യുവേഷൻ റിപ്പോർട്ട് എന്നിവയിൽ രേഖപ്പെടുത്തലുകൾ വരുത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.52/03.10.22 ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1-1, 2-1. ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് ഗുണഭോക്തൃ ലിസ്റ്റില്ല എന്നാണ് മറുപടി നൽകിയിരിക്കുന്നത്. എന്നാൽ അവയുടെ പ്രോജക്ട് രൂപീകരണ ഫോറത്തിൽ ക്രമ നം. 22 പ്രകാരം ഗ്രാമസഭ ലിസ്റ്റ് ലഭ്യമാക്കുക എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മറുപടി പ്രകാരം സുസ്ഥിര വികസന പദ്ധതി പ്രകാരം നെൽകൃഷി ചെയ്യുന്ന കർഷകർക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത് എന്ന് അറിയിച്ചിരിക്കുന്നു. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകളോ ബന്ധപ്പെട്ട കമ്മിറ്റി തീരുമാനമോ ലഭ്യമാക്കിയിട്ടില്ല.

1-2. വളങ്ങളുടെ അളവ് സംബന്ധിച്ച വിവരങ്ങൾ എഴുതാൻ സാധിക്കാത്തത് ക്ലറിക്കൽ അപാകതയാണെന്ന് അറിയിച്ചിരിക്കുന്നു. വിതരണ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർത്തിയാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-3, 2-2. പരിശോധനാ സാക്ഷ്യപത്രം എഴുതി വാങ്ങുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2-3. ഭൂ ഉടമയുമായി പാട്ടക്കരാർ കൃത്യമായും വാങ്ങുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3-1. അപേക്ഷകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ, കൃഷി ഓഫീസർ എന്നിവർ പരിശോധനാ റിപ്പോർട്ടും വാല്യുവേഷൻ റിപ്പോർട്ടും ഹാജരാക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ രേഖകളും റിപ്പോർട്ടുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-35 ഡയറി ഫാം ഇൻസ്ട്രക്ടർ- ക്യാഷ് ബുക്ക് പരിപാലനം ക്രമപ്രകാരമല്ല

കേരള ട്രഷറി കോഡ് വാല്യം I ആർട്ടിക്കിൾ 92 (എ) പ്രകാരം സർക്കാരിന് വേണ്ടി പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും, TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. കൂടാതെ ജി.ഒ(പി)നം. 177/2006/ഫിൻ, തീയതി 12.04.2006 ലെ ഖണ്ഡിക നമ്പർ 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ്-ചെലവ് വിവരം രേഖപ്പെടുത്തുന്നതിനായി TR-7A ക്യാഷ് ബുക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വരവ്-ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്നതിനായി ഒരു സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥനായ ഡയറി ഫാം ഇൻസ്ട്രക്ടർ, നിർദ്ദിഷ്ട മാതൃകയിലുള്ള TR-7A ക്യാഷ് ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല. വരവു ചെലവു വിവരങ്ങൾ ഒരു രജിസ്റ്ററിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.51/03.10.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം TR-7A ക്യാഷ് ബുക്ക് ലഭ്യമാകാത്തതിനാലാണ് രജിസ്റ്റർ ഉപയോഗിച്ചിട്ടുള്ളത് എന്നറിയിച്ചിരിക്കുന്നു. സർക്കാർ ഉത്തരവു പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവു ചെലവുകൾ, ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെ വരവു ചെലവുകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതും ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും കൃത്യമായി ക്ലോസ് ചെയ്യേണ്ടതുമാണ്.

## 1-36 കറവപ്പശുക്കൾക്ക് കാലിത്തീറ്റ പ്രോജക്ടുകളുടെ രേഖകൾ പൂർണമല്ല - 1,91,915/- രൂപ തടസ്സപ്പെടുത്തുന്നു

1.

| | |
|---|---|
| പദ്ധതിയുടെ പേര് | കറവപ്പശുക്കൾക്ക് കാലിത്തീറ്റ (ജനറൽ) |
| പദ്ധതി നമ്പർ | 22/22 |
| പദ്ധതി അടങ്കൽ | 400000 (വികസന ഫണ്ട് പൊതുവിഭാഗം)<br>400000 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 400000 (വികസന ഫണ്ട് പൊതുവിഭാഗം)<br>400000 (മറ്റുള്ളവ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

2.

| | |
|---|---|
| പദ്ധതിയുടെ പേര് | കറവപ്പശുക്കൾക്ക് കാലിത്തീറ്റ (വനിത) |
| പദ്ധതി നമ്പർ | 21/22 |

| | |
|---|---|
| പദ്ധതി അടങ്കൽ | 907850 (വികസന ഫണ്ട് പൊതുവിഭാഗം)<br>907850 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 907850 (വികസന ഫണ്ട് പൊതുവിഭാഗം)<br>907850 (മറ്റുള്ളവ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

3.

| | |
|---|---|
| പദ്ധതിയുടെ പേര് | കറവപ്പശുക്കൾക്ക് കാലിത്തീറ്റ (എസ് സി വനിത) |
| പദ്ധതി നമ്പർ | 23/22 |
| പദ്ധതി അടങ്കൽ | 550000 (വികസന ഫണ്ട് എസ് സി പി)<br>183333 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 550000 (വികസന ഫണ്ട് എസ് സി പി)<br>183333 (മറ്റുള്ളവ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

കറവപ്പശുക്കൾക്ക് കാലിത്തീറ്റ എന്ന പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ക്ഷീരസംഘങ്ങളിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ് കറവപ്പശുക്കൾക്ക് കാലിത്തീറ്റയ്ക്കുള്ള സബ്സിഡി തുക അനുവദിച്ചിരിക്കുന്നത് എന്നു കാണുന്നു. എന്നാൽ ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിൽപന നടത്തിയതിന്റെ രസീത് എല്ലാ സ്റ്റേറ്റ്മെന്റുകൾക്കുമൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. കാലിത്തീറ്റ വിൽപന രസീത് ഇല്ലാത്തവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ക്ഷീരസംഘത്തിന്റെ പേര് | സ്റ്റേറ്റ്മെന്റ് പ്രകാരം സബ്സിഡി അനുവദിച്ചവരുടെ എണ്ണം | അനുവദിച്ച സബ്സിഡി തുക | ട്രഷറി ബിൽ നം./തീയതി |
|---|---|---|---|---|
| 22/22 | കടകം | 40 | 54800 | 21/18.11.21 |
| | മേൽക്കടയ്ക്കാവൂർ | 31 | 40300 | 48/22.12.21 |
| | മുടപുരം | 3 | 4110 | 77/05.03.22 |
| 21/22 | മേൽക്കടയ്ക്കാവൂർ | 22 | 28600 | 46/22.12.21 |
| | മേൽക്കടയ്ക്കാവൂർ | 22 | 28600 | 47/22.12.21 |
| | പാലക്കുന്ന് | 9 | 12105 | 104/17.03.22 |
| 23/22 | മേൽക്കടയ്ക്കാവൂർ | 12 | 23400 | 44/22.12.21 |
| | | ആകെ | 1,91,915 | |

കാലിത്തീറ്റ വിൽപന രസീത് പരിശോധിക്കാതെ ക്ഷീരസംഘങ്ങളിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ മാത്രം സബ്സിഡി ആനുകൂല്യം അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.54/03.10.22 നുള്ള മറുപടി പ്രകാരം ലഭ്യമാക്കാത്ത രസീതുകൾ മറുപടിയോടൊപ്പം ഹാജരാക്കുന്നു എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ പട്ടിക പ്രകാരമുള്ള ആകെ തുകയായ 1,91,915/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-37 ബയോഫ്ലോക്ക് മത്സ്യ കൃഷി- മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | സുഭിക്ഷ കേരളം - ബയോഫ്ലോക്ക് മത്സ്യ കൃഷി (175/21-22) |
| അടങ്കൽ തുക | 243459/- (വി.ഫ.- 41059 ; മറ്റുള്ളവ - 202400) |
| ചെലവ് തുക | 31500/- |

| | |
|---|---|
| നിർവ്വഹണം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |

പ്രസ്തുത പദ്ധതി പ്രകാരം ശ്രീ. അനിൽ ദത്ത്, നളിനം, കടകം എന്നയാൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി സംബന്ധിച്ച മോണിട്ടറിംഗ് സമിതി റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 55/03.10.2022) ലഭ്യമാക്കിയ മറുപടിയിൽ ടി പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ പ്രോജക്ട് കോ ഓഡിനേറ്ററും നിർവ്വഹണോദ്യോഗസ്ഥനും മോണിട്ടർ ചെയ്തിട്ടുണ്ട് എന്നും ടി പദ്ധതി സംബന്ധിച്ച് മോണിട്ടറിംഗ് സമിതി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രോജക്ടിന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച് മോണിട്ടറിംഗ് നടത്തിയതിന്റെ മോണിട്ടറിംഗ് സമിതി റിപ്പോർട്ട് തയ്യാറാക്കേണ്ടതും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-38 പാഥേയം പ്രോജക്ട് നടപ്പിലാക്കുന്നതിൽ വീഴ്ച-ജില്ലാ പഞ്ചായത്ത് വിഹിതം 180792 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | പാഥേയം |
| പദ്ധതി നമ്പർ | 65/22 |
| പദ്ധതി അടങ്കൽ | 56640 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 56640 (വികസന ഫണ്ട് പൊതുവിഭാഗം) |
| ബിൽ നം./തീയതി | 9/24.03.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

അഗതികളും ഒരു നേരത്തെ ഭക്ഷണത്തിനു പോലും ബുദ്ധിമുട്ടുന്നവരുമായ 60 വയസ്സ കഴിഞ്ഞ വയോജനങ്ങൾക്ക് കുടുംബശ്രീ വഴി ഒരു നേരത്തെ ഭക്ഷണവിതരണം നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും 40 : 60 അനുപാതത്തിൽ തുക വകയിരുത്തി തയ്യാറാക്കിയതാണ് പാഥേയം പ്രോജക്ട്. ആയതിനായി 2021-22 വർഷം ഗ്രാമപഞ്ചായത്ത് വിഹിതമായ 56640 രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 07/27.09.22 ന് നൽകിയ മറുപടി പ്രകാരം ധനവിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭിച്ചിട്ടില്ല എന്ന് അറിയിച്ചിരിക്കുന്നു. കൂടാതെ ടി തുക കുടുംബശ്രീ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റായി വന്നിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

2021-22 വർഷം വരെ പാഥേയം പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 19/29.09.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പഞ്ചായത്തിലെ പാഥേയം പദ്ധതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 2019-20 വർഷം മുതൽ പാഥേയം പദ്ധതിയ്ക്കായി ആകെ 383680 രൂപ (2019-20 ൽ 140160 രൂപ, 2020-21 ൽ 186880 രൂപ, 2021-22 ൽ 56640 രൂപ) ഗ്രാമപഞ്ചായത്ത് വിഹിതമായി ജില്ലാ പഞ്ചായത്തിന് നൽകുകയും 2020-21 വർഷം വരെ ഒടുക്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

2. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ആയതിനാൽ ഗ്രാമപഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിൽ നിന്നും കുടുംബശ്രീയുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. എന്നാൽ ഇപ്രകാരം ലഭിക്കുന്ന തുക ബന്ധപ്പെട്ട പദ്ധതിയ്ക്കായി ചെലവഴിക്കുന്നുണ്ടോയെന്ന വിവരം ഗ്രാമ, ജില്ലാ പഞ്ചായത്തുകൾ പരിശോധിക്കുന്നില്ല.

3. 2019-20 വർഷം മുതൽ 2021-22 വരെ ജില്ലാ പഞ്ചായത്ത് വിഹിതമായി ആകെ 180792 രൂപ വരവ് വന്നിട്ടുള്ളതായി മറുപടി പ്രകാരം അറിയിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത തുകയും നാളിതുവരെ ചെലവഴിച്ചിട്ടില്ല.

4. 2019-20 ൽ ഗുണഭോക്താക്കളുടെ എണ്ണം കുറവായതിനാലും 2020-21 ൽ കോവിഡ് സാഹചര്യത്തിലും പദ്ധതി ഏറ്റെടുക്കാൻ കുടുംബശ്രീ യൂണിറ്റുകളൊന്നും തന്നെ തയ്യാറാകാത്ത സാഹചര്യത്തിലാണ് ടി വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വന്നതെന്നും 2021-22 ൽ 68 ഗുണഭോക്താക്കൾ ഉണ്ടായിരുന്നെങ്കിലും പദ്ധതി ഏറ്റെടുക്കാൻ യൂണിറ്റുകളൊന്നും തയ്യാറാകാത്തതിനാലാണ് പ്രോജക്ട് നാളിതുവരെ നടപ്പിലാക്കാൻ കഴിയാതെ വന്നതെന്നും അറിയിച്ചിരിക്കുന്നു.

5. 3 വർഷമായി ഒരേ പ്രോജക്ടിനായി ഉപയോഗിക്കേണ്ടതായ ആകെ 564652 രൂപ (ഗ്രാമപഞ്ചായത്ത് വിഹിതം- 383680 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം-180792 രൂപ) ലഭിച്ചിട്ടും മേൽ തുകകളിൽ ഒന്നും തന്നെ വിനിയോഗിക്കാതെ കുടുംബശ്രീയുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നു.

ജില്ലാ മിഷൻ അനുവദിച്ച തുക ചെലവഴിക്കാത്ത സാഹചര്യത്തിൽ തിരികെ ഒടുക്കുന്നതാണെന്ന് മറുപടി പ്രകാരം അറിയിച്ചിട്ടുണ്ട്. 2019-20 മുതൽ വിനിയോഗിക്കാതെ അവശേഷിച്ചിട്ടുള്ള ജില്ലാ പഞ്ചായത്ത് വിഹിതമായ 180792 രൂപ എത്രയും വേഗം തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. വിശദമായ പഠനം നടത്തി മാത്രം ഒരു പ്രോജക്ട് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും തുക/ആനുകൂല്യം നൽകുന്നതിനോടൊപ്പം തന്നെ യഥാസമയം പ്രോജക്ടിന്റെ മോണിറ്ററിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-39 ദുരിതാശ്വാസ നിധി നിലവിൽ നിർജ്ജീവാവസ്ഥയിൽ

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ

ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്നറിയപ്പെടുന്നതുമാണ്.

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും 17.05.2019 ന് ശേഷം പ്രസ്തുത അക്കൗണ്ടിൽ (ചിറയിൻകീഴ് എസ്.സി.ബി. 101100010014508) തുക നിക്ഷേപിച്ചതായോ തുക പിൻവലിച്ചതായോ കാണുന്നില്ല. നിലവിൽ പ്രസ്തുത അക്കൗണ്ടിൽ 1650/- രൂപാ ബാലൻസ് നിലനിൽക്കുന്നുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( നം. 28/01.10.2022) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജനങ്ങളിൽ നിന്നു ഫണ്ട് സ്വരൂപിക്കാൻ തീരുമാനിക്കുകയും ഫെഡറൽ ബാങ്കിൽ പുതിയ ഒരു അക്കൗണ്ട് ആരംഭിക്കുകയും ചെയ്ത് പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനകൾ ആ അക്കൗണ്ടിൽ സ്വീകരിക്കുകയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഈ തുക വിനിയോഗിച്ചു വരികയാണെന്നും അറിയിച്ചു. പ്രസ്തുത സാഹചര്യത്തിൽ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഫണ്ട് സ്വരൂപിക്കാൻ കഴിയാതെ വന്നുവെന്നും ആയതിനാലാണ് 17.05.2019 ന് ശേഷം പ്രസ്തുത അക്കൗണ്ടിൽ നിന്നും പണമിടപാട് നടത്താൻ കഴിയാതിരുന്നത് എന്നുമാണ് അറിയിച്ചത്.

പ്രസ്തുത മറുപടി അംഗീകരിക്കുവാൻ കഴിയുകയില്ല. ഫെഡറൽ ബാങ്കിൽ ആരംഭിച്ച അക്കൗണ്ട് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മാത്രമായുള്ളതാണ്. എന്നാൽ 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള ദുരിതങ്ങൾക്ക് സഹായം ആരംഭിക്കുന്നതിനാണ് ദുരിതാശ്വാസനിധി അക്കൗണ്ട് ആരംഭിച്ചത്. നിലവിൽ നിർജ്ജീവാവസ്ഥയിലുള്ള പ്രസ്തുത അക്കൗണ്ടിൽ പണം സ്വരൂപിച്ച് പൊതുജനങ്ങൾക്ക് അടിയന്തിര ധനസഹായം നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 ദുരിതാശ്വാസ നിധി രൂപീകരിച്ച് ജനപ്രതിനിധികൾ ചട്ടവിരുദ്ധമായി പണപ്പിരിവ് നടത്തി - സംഭാവനയായി ലഭിച്ച തുകകളുടെ കണക്കിന്റെ അക്കൗണ്ടിംഗിലും സൂക്ഷിപ്പിലും ഗുരുതരമായ വീഴ്ച

ഗ്രാമപഞ്ചായത്തിൽ കോവിഡ് - 19 രോഗ ലക്ഷണങ്ങൾ ഉള്ളവരേയും കോവിഡ് പോസിറ്റീവായ രോഗികളേയും യഥാസമയം ആശുപത്രിയിൽ എത്തിക്കുന്നതിന് ആംബുലൻസ് ഉൾപ്പെടെയുള്ള വാഹനങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും ആരോഗ്യമേഖലയിലെ മറ്റ് പ്രവർത്തനങ്ങൾക്കും പൊതു ജന പങ്കാളിത്തത്തോടെ ഒരു ആംബുലൻസ് വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 24.04.2021 തീയതിയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു(24.04.2021 ലെ ഭരണ സമിതി അജണ്ട 8 തീരുമാനം 1.) ആംബുലൻസ് വാങ്ങുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് , വൈസ് പ്രസിഡൻറ്, സെക്രട്ടറി, ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ, വികസന സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ,സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളായ ശ്രീ. അനൂപ്, ശ്രീമതി ബേബി എന്നിവരെ ഉൾപ്പെടുത്തി ഒരു ആംബുലൻസ് സബ്കമ്മറ്റി രൂപീകരിക്കുന്നതിനും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ആംബുലൻസ് സബ്കമ്മിറ്റി 04.05.2021 ആദ്യ യോഗം ചേരുകയും ഗ്രാമപഞ്ചായത്തിൽ ഒരു പ്രത്യേക ദുരിതാശ്വാസ നിധി രൂപീകരിച്ച് ആംബുലൻസ് വാങ്ങുന്നതിന് തീരുമാനിക്കുകയും അതിനായി രസീത് ബുക്കുകൾ പ്രിന്റ് ചെയ്യുന്നതിനും തീരുമാനിച്ചു. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് രസീത് ബുക്കുകൾ പ്രിന്റ് ചെയ്യുകയും ദുരിതാശ്വാസ ഫണ്ട് പിരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത ദുരിതാശ്വാസ ഫണ്ടിനായി സെക്രട്ടറിയുടെ പേരിൽ ചിറയിൻകീഴ് ഫെഡറൽ ബാങ്കിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുമുണ്ട്(അക്കൗണ്ട് നം.10660100189884)

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 (1)പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ് . ചട്ടം 3(5) പ്രകാരം നിധിയിലേയ്ക്ക് നൽകുന്ന സംഭാവനകൾ സെക്രട്ടറി അല്ലെങ്കിൽ പഞ്ചായത്ത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഒപ്പിട്ട രസീത് നൽകേണ്ടതും അത് അച്ചടിച്ച ഫാറത്തിലായിരിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിധിയുമായി ബന്ധപ്പെട്ട വരവ് ചെലവ് കണക്കുകൾ ഒരു കാഷ് ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണെന്നും നിധിയുമായി ബന്ധപ്പെട്ട രസീത് ബുക്ക് ,ബാങ്ക് പാസ്ബുക്ക്, രജിസ്റ്ററുകൾ തുടങ്ങിയവ സെക്രട്ടറി അല്ലെങ്കിൽ പഞ്ചായത്ത് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതാണെന്നും ചട്ടം 5 ൽ വ്യക്തമാക്കിയിട്ടുണ്ട് . രസീതിന്റെ മാതൃക കാഷ് ബുക്കിന്റെ മാതൃക , കണക്കുകൾ സൂക്ഷിക്കുന്ന രീതി എന്നിവ 2011 ലെ കേരള പഞ്ചായത്ത് രാജ് , അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമാണമെന്ന് ചട്ടം 5(4) വ്യക്തമാക്കിയിട്ടുണ്ട്. പ്രത്യേക ദുരിതാശ്വാസ നിധി രൂപീകരണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു

1)ദുരിതാശ്വാസ നിധി രൂപീകരിച്ച് ആംബുലൻസ് വാങ്ങുന്നതിനുള്ള സബ് കമ്മിറ്റി 04.05.2021 തീയതിയിൽ യോഗം ചേർന്നിട്ടുണ്ട്. പ്രസ്തുത

കമ്മിറ്റിയിൽ ദുരിതാശ്വാസ ഫണ്ട് രൂപീകരിക്കുന്നതിനായി രസീതുകൾ പ്രിന്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ എത്ര രസീതു ബുക്കുകളാണ് പ്രിന്റ് ചെയ്യാൻ ഉത്തരവ് നൽകിയത്, ആകെ പ്രിന്റ് ചെയ്ത രസീത് ബുക്കുകൾ, പ്രിന്റിംഗ് ഫയൽ ചെലവ് വൗച്ചറുകൾ എന്നിവയുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2)ദുരിതാശ്വാസ നിധിക്കായി 46 രസീത് ബുക്കുകൾ പ്രിന്റ് ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് , അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർക്കാണ് രസീത് ബുക്കുകൾ അനുവദിക്കേണ്ടത്. എന്നാൽ പ്രസ്തുത ചട്ടങ്ങൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികൾക്കാണ് (വാർഡ് മെമ്പർമാർക്കാണ്) രസീത് ബുക്കുകൾ അനുവദിച്ചു നൽകിയിട്ടുള്ളത്. ആകെ 19 രസീത് ബുക്കുകൾ ഗ്രാമപഞ്ചായത്തിലെ 19 വാർഡ് മെമ്പർമാർക്ക് വിതരണം ചെയ്തതായി സ്റ്റോക്ക്/വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രസീത് ബുക്കുകൾ കൈപ്പറ്റിയ വ്യക്തികളുടെ ഒപ്പ് , കൈപ്പറ്റിയ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3)2011 ലെ കേരള പഞ്ചായത്ത് രാജ് , അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവും ഡബിൾസൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയുമായിരിക്കേണ്ടതാണ്. അസൽ രസീത് ഓഫീസിൽ സൂക്ഷിക്കേണ്ടതും പകർപ്പ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്. എന്നാൽ രസീത് ബുക്കുകൾ സിംഗിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതുന്ന തരത്തിലാണ് പ്രിന്റ് ചെയ്തതും രസീതുകൾ നൽകിയിട്ടുള്ളതും. അസൽ പകർപ്പ് സൂക്ഷിക്കാതെ രസീതിന്റെ കാർബൺ പകർപ്പ് മാത്രമാണ് രസീത് ബുക്കിൽ സൂക്ഷിച്ചിട്ടുള്ളത്. വിവിധ രസീതുകളിൽ കാർബൺ ഉപയോഗിക്കാതെയും തുക രേഖപ്പെടുത്തിയിട്ടുണ്ട്.

4)രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് , രസീതുകളിൽ ഗ്രാമപഞ്ചായത്തിന്റെ സീൽ ,എന്നിവ ഉൾപ്പെടുത്തിയിട്ടില്ല . രസീതുകളിൽ തീയതി രേഖപ്പെടുത്താതെയും, തുകകൾ അക്ഷരത്തിൽ രേഖപ്പെടുത്താതെയും, വൺസൈഡ് കാർബണ് പോലും ഉപയോഗിക്കാതെയുമാണ് പിരിവ് നടത്തിയിട്ടുള്ളത്. കൂടാതെ ഉപയോഗിക്കാതെ അവശേഷിച്ച രസീതുകൾ റദ്ദ് ചെയ്തിട്ടുമില്ല. ആയതിനാൽതന്നെ രസീതു ബുക്കുകളുടെ ആധികാരികത ഉറപ്പു വരുത്താൻ കഴിഞ്ഞില്ല.

5)2011 ലെ കേരള പഞ്ചായത്ത് രാജ് , അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം കാഷ് രൂപത്തിലുള്ള വരവുകൾ അതത് ദിവസം കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മാന്വൽ രസീത് വഴി പിരിച്ചെടുത്ത തുകകൾ ഫ്രണ്ട് ഓഫീസിലെ സാംഖ്യ രസീത്, ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവയിൽ രേഖപ്പെടുത്താതെ നേരിട്ടാണ് ബാങ്കിൽ ഒടുക്ക് വരുത്തിയിട്ടുള്ളത്. ബാങ്ക് ബുക്കിലും ബാങ്ക് സ്റ്റേറ്റ് മെന്റിലും തുകയുടെ വിവരം കൃത്യമായി ഉൾപ്പെടാത്തതിനാൽ തുകയുടെ ഒടുക്ക് സംബന്ധിച്ച് കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം സൂക്ഷിക്കേണ്ട പ്രത്യക കാഷ് ബുക്കും ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

6)2011 ലെ കേരള പഞ്ചായത്ത് രാജ് , അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം ലഭിച്ച തുകകൾ 500 രൂപയിൽ കൂടുതൽ ആണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത ദിവസമോ ഒടുക്ക് വരുത്തേണ്ടതാണ് . എന്നാൽ വിവിധ രസീതുകളിൽ തീയതികൾ രേഖപ്പെടുത്താത്തതിനാലും ഡേ ബുക്ക്,കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവയിൽ കളക്ഷൻ രേഖപ്പെടുത്താത്തതിനാലും ഓൺലൈൻ കളക്ഷൻ ഉൾപ്പെടെ ബാങ്ക് അക്കൗണ്ടിൽ വരവ് ഉൾപ്പെടുന്നതിനാലും തുകയുടെ ഒടുക്ക് സംബന്ധിച്ച് പഞ്ചായത്ത് ലഭ്യമാക്കിയ വിവരത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7)ലഭ്യമാക്കിയ രസീതുകൾ പ്രകാരം 795800/- രൂപയാണ് രസീത് പ്രകാരം വരവ് ലഭിച്ചിട്ടുള്ളത്. വാർഷിക ധനകാര്യ പത്രിക പ്രകാരം ഓൺലൈൻ വരവ് ഉൾപ്പെടെ 1310547/- രൂപ ദുരിതാശ്വാസ ഫണ്ട് ലഭിച്ചിട്ടുണ്ട്.

8)രസീതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രസീത് നം | കൈപ്പറ്റിയ വ്യക്തി | തുക | കളക്ഷൻ തീയതി | ഒടുക്കിയ തുക (പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയത്) | ഒടുക്കിയ തീയതി (പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയത്) | അപാകങ്ങൾ |
|---|---|---|---|---|---|---|---|
| 1 | 1-50 | ശ്രീമതി സരിത, | 42000 | 15.05.2021 | 42000 | 14.05.21 | കളക്ഷൻ തീയതിയ്ക്ക് മുൻപുള്ള തീയതിയിൽ തുക ബാങ്ക് |

| | | | | | | | |
|---|---|---|---|---|---|---|---|
| | | വാർഡ് 4 | | | | | അക്കൗണ്ടിൽ തുക ഒടുക്കിയതായി രേഖപ്പെടുത്തിരിക്കുന്നു. |
| 2 | 51-100 | ശ്രീമതി ശിവപ്രഭ, വാർഡ് 7 | 37000 | 09.05.2021 മുതൽ 19.05.2021 വരെ | 37000 | 21.05.21 | 1)രസീത് നം.51 ൽ തുക, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല<br>2)രസീത് നം.72ൽ 1000 രൂപയുടെ രസീതിന്റെ അസൽ സൂക്ഷിച്ചിട്ടുണ്ട്.എന്നാൽ റദ്ദാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക കളക്ഷനിലും ഉൾപ്പെടുത്തിയിട്ടില്ല |
| 3 | 101-150 | ശ്രീമതി ഷൈജ, വാർഡ് 13 | 51000 | 13.05.2021 | 51000 | 1000 (28.05.21)<br>03.06.2021 | പൊതു അപാകങ്ങൾ |
| 4 | 151-200 | ശ്രീമതി രേണുക , വാർഡ് 1 | 15000 | 150 മുതൽ 157 വരെയുള്ള രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല<br>10.05.21-19.05.21 | 15000 | 21.05.2021 | 1)രസീത് നമ്പർ 151,152 ,154,155എന്നിവ കാർബൺ ഉപയോഗിക്കാതെ തുക രേഖപ്പെടുത്തി.163,168,178 എന്നീ രസീതുകൾ തുക രേഖപ്പെടുത്താതെയും റദ്ദാക്കാതെയും സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത തുക കളക്ഷനിലും ഉൾപ്പെടുത്തിയിട്ടില്ല |
| 5 | 201-250 | ശ്രീ.മുരളി, വാർഡ് 6 | 323000 | 05.05.2021 മുതൽ 30.07.2021 | 323000 | 200000 (24.05.21) | പൊതു അപാകങ്ങൾ |
| 6 | 251-300 | ശ്രീ.ബിജു, വാർഡ് 15 | 21500 | 09.05.2021 മുതൽ 30.05.2021 | | 123000 (21.05.21) | രസീത് നമ്പർ 253 മുതൽ 265 വരെ തീയതി ഇല്ല |
| 7 | 301-350 | ശ്രീമതി രാഖി, വാർഡ് 8 | 40400 | 07.05.2021 മുതൽ 24.05.2021 | 37000(19.05.21)<br>3400(26.05.21) | 19.05.2021 | പൊതു അപാകങ്ങൾ |
| 8 | 351-400 | ശ്രീ.ശ്രീകുമാർ, വാർഡ് 19 | 6950 | 23.05.2021 മുതൽ 01.06.2021 വരെ | 6950 | 04.06.21 | പൊതു അപാകങ്ങൾ |
| 9 | 401-450 | ശ്രീ.അനൂപ്, വാർഡ് 2 | വിവിധ രസീതുകളോ പകർപ്പുകളോ സൂക്ഷിച്ചിട്ടില്ല | തീയതി ഇല്ല | 15000 | 28.05.21 | രസീത് നമ്പർ 401 മുതൽ 406 വരെ ഉപയോഗിച്ച രസീതുകളിൽ 403 നമ്പർ രസീതിന്റെ തുകയായ 500/- രൂപ മാത്രമാണ് രസീത് ബുക്കിൽ ഉള്ളത്. ബാക്കിയുള്ള രസീതുകളുടെ പകർപ്പോ അസലോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| 10 | 451-500 | ശ്രീ.ശ്രീമതി മോനി, വാർഡ് 5 | 45000 | 19.05.2021 മുതൽ27.05.2021 വരെ | 30000(21.05.2021)<br>10000(28.05.21)<br>5000(31.05.2021) | - | പൊതു അപാകങ്ങൾ |
| 11 | 501-550 | ശ്രീ.മനു, വാർഡ് 16 | തുക പിരിച്ചില്ല | - | 15000 | 28.05.21 | രസീത് നൽകാതെ തുക നേരിട്ട് ബാങ്കിൽ ഒടുക്കിയതായി അറിയിച്ചു |
| 12 | 551-600 | ശ്രീ.അൻസിൽ അൻസാരി, വാർഡ് 10 | 15000 | 20.05.2021 മുതൽ23.05.2021 വരെ | 15000 | 28.05.21 | രസീത് നമ്പർ 557 ൽ കാർബൺ ഉപോയഗിച്ചിട്ടില്ല. രസീത് നമ്പർ 561 തുകയിൽ വ്യക്തതയില്ല. അക്ഷരത്തിൽ തുക രേഖപ്പെടുത്തിയിട്ടില്ല. |
| 13 | 601-650 | ശ്രീമതി ബേബി, വാർഡ് 17 | 30000 | 19.05.2021 മുതൽ26.05.2021 വരെ | 30000 | 28.05.21 | 601,602,627 രസീതുകളിൽ കാർബൺ ഉപയോഗിച്ചിട്ടില്ല |
| 14 | 651-700 | ശ്രീമതി ഷീബ, വാർഡ് 18 | 12500 | 10.05.21 മുതൽ 18.05.21 വരെ | 11500(21.05.21)<br>1000(02.06.21) | - | 659 രസീതിൽ കാർബൺ ഉപയോഗിച്ചിട്ടില്ല .661 മുതൽ 676 വരെയുള്ള രസീതിൽ തീയതി ഇല്ല. |
| 15 | 701-750 | ശ്രീമതി ഫാത്തിമ, വാർഡ് 12 | വിവിധ രസീതുകളോ പകർപ്പുകളോ സൂക്ഷിച്ചിട്ടില്ല | 02.05.21 മുതൽ 17.05.21 വരെ | 15000 | 28.05.21 | 04.05.2021 ലാണ് സബ്കമ്മിറ്റി രൂപീകരിച്ചത് .എന്നാൽ 02.05.2021 മുതല് രസീത് പ്രകാരം തുക പിരിച്ചെട്ടുത്തു.രസീത് നമ്പർ 701 മുതൽ 703 വരെ 705 എന്നീ രസീതുകളുടെ പകർപ്പോ അസലോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.704 മുതലുള്ള രസീതുകളാണ് ലഭ്യമാക്കിയത് |
| 16 | 751-800 | ശ്രീമതി സൂസി, വാർഡ് 16 | 66500 | 09.05.21 മുതൽ (25 രസീതുകളിൽ 4 എണ്ണത്തിൽ മാത്രമാണ് തീയതി | 66500 | 28.05.21 | 756,773 രസീതുകളിൽ തുക രേഖപ്പെടുത്തിയ ശേഷം അസൽ രസീത് കൂടാതെ രസീതുകൾ റദ്ദു ചെയ്തിട്ടുണ്ട്.കാർബൺ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഉപയോഗിക്കാതെയാണ് രസീത് ബുക്കിൽ തുക രേഖപ്പെടുത്തിയത്. രസീത് നമ്പർ 758 ൽ പിരിച്ചെടുത്ത തുക രേഖപ്പെടുത്തിയിട്ടില്ല. |
| 17 | 801-850 | ശ്രീ.വാഹിദ്, വാർഡ് 11 | 41600 | 19.05.21 മുതൽ 16.06.21 വരെ | 25000(16.06.21) 10000(20.05.21) 600(03.06.21) 5000(02.06.21) 1000(21.05.21) | - | 810,811 എന്നീ രസീതുകൾ ഉപയോഗിക്കാതെ തുടർന്നുള്ള രസീതുകൾ ഉപയോഗിച്ചു |
| 18 | 851-900 | ശ്രീമതി മിനിദാസ്, വാർഡ് 3 | 18350 | തീയതി ഇല്ല | 17000 (04.06.21) | - | രസീത് പ്രകാരം പിരിച്ച 1350 രൂപ ഒടുക്കിയിട്ടില്ല . കാർബൺ ഉപയോഗിക്കാതെയാണ് രസീത് ബുക്കിൽ തുക രേഖപ്പെടുത്തിയത്. രസീതുകളിൽ ഒപ്പ്, തീയതി എന്നിവ ഇല്ല . തുക അക്ഷരത്തിൽ രേഖപ്പെടുത്തിയിട്ടില്ല |
| 19 | 901-950 | ശ്രീ.അനീഷ്, വാർഡ് 9 | 30000 | 22.05.21 മുതൽ 23.05.21 വരെ | 30000 | 26.05.21 | പൊതു അപാകങ്ങൾ |

8)ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 14.06.2021 തീയതിയിലെ അജണ്ട 1, തീരുമാനം നമ്പർ 11 പ്രകാരം ആംബുലൻസുമായി ബന്ധപ്പെട്ട മുഴുവൻ ചെലവുകളും ദുരിതാശ്വാസ ഫണ്ടിൽ നിന്നും നടത്തുന്നതിന് തീരുമാനിക്കുകയും അടിയന്തിര സാഹചര്യമായതിനാൽ ടെൻഡർ ഒഴിവാക്കി പോപ്പുലർ മെഗാ മോട്ടോഴ്സ് പ്രൈ.ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 732215/-രൂപ ചെലവിൽ(ഓക്സിജൻ സംവിധാനങ്ങൾ കൂടാതെ) രജിസ്ട്രേഷൻ നമ്പർ KL16 Y 8126 പ്രകാരമുള്ള ആംബുലൻസ് വാങ്ങിയിട്ടുണ്ട്(19.06.2021 തീയതിയിൽ TATA MOTORS LTD/MAGIC EXPRESS AMB 6+P TYP-B മോഡൽ). വാഹനത്തിന്റെ ഡ്രൈവറായി ശ്രീ ഷാരോൺ വിളയിൽ വീട് എന്ന വ്യക്തിയെ 19.07.2021 ലെ അജണ്ട 1, തീരുമാനം നം.1 പ്രകാരം ഗ്രാമപഞ്ചായത്ത് നിയമിച്ചിട്ടുണ്ട്. ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ആംബുലൻസ് പ്രവർത്തനം സംബന്ധിച്ച് ബൈലോ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 19.07.2021 ലെ അജണ്ട 1, തീരുമാനം നം.1 പ്രകാരം തീരുമാനിച്ചെങ്കിലും ബൈലോ നാളിതുവരെ തയ്യാറാക്കിയിട്ടില്ല. വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനം 19.07.2021 മുതൽ 27.06.2022 വരെ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. കൂടാതെ ലോഗ് ബുക്കിൽ പ്രതിമാസ സംക്ഷിപ്തം രേഖപ്പെടുത്തുകയോ കൺട്രോളിംഗ് ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. വാഹനം നിലവിൽ ഗ്രാമപഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. വാഹനത്തിന്റെ നിലവിലെ ഉപയോഗം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ (53/03.10.2022,) 27.06.2022 വരെ വാഹനം ഉപയോഗിച്ചുവെന്നും നിലവിൽ ആംബുലൻസ് ഡ്രൈവറുടെ സേവനം ലഭ്യമല്ലാത്തതിനാൽ വാഹനം ഉപയോഗിക്കുന്നില്ല എന്നും ആംബുലൻസ് താലൂക്ക് ആശുപത്രിയിലേക്ക് കൈമാറുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് പൂർണ വിവരങ്ങൾ ഓഡിറ്റ് വേളയിൽ ലഭ്യമാക്കാത്തതിനാൽ 19.11.2022 ൽ നടത്തിയ ഓഡിറ്റ് പരിശോധനയിൽ നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (നം. 01/19.11.2022) ദുരിതാശ്വാസ നിധിയുടെ രൂപീകരിച്ച് പണപ്പിരിവ് നടത്തിയതിലും തുകയുടെ കണക്കുകൾ സൂക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ചയാണ് ഗ്രാമപഞ്ചായത്തിന് സംഭവിച്ചിട്ടുള്ളത്. ദുരിതാശ്വാസ ഫണ്ടിൽ നിന്നും ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ ആംബുലൻസ് അവശ്യ സേവനങ്ങൾക്ക് ഉപയോഗിക്കാതെ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നതും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തെ വീഴ്ചയാണ്. ദുരിതാശ്വാസ നിധി പിരിവുമായി ബന്ധപ്പെട്ട് രേഖകൾ പൂർണമായും ലഭ്യമാക്കാത്തതിനാൽ മേൽ വിഷയത്തിൽ വിശദമായ അന്വേഷണം അനിവാര്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-41 ദുരിതാശ്വാസ നിധി - രസീത് ബുക്കുകൾ സൂക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച

കോവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജനകീയ പങ്കാളിത്തത്തോടുകൂടി ആംബുലൻസ് വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്തിൽദുരിതാശ്വാസ ഫണ്ട് ശേഖരണവുമായി ബന്ധപ്പെട്ട് 50 രസീതുകൾ വീതമുള്ള 46 രസീത് ബുക്കുകൾ പ്രിന്റ് ചെയ്തിട്ടുണ്ട്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെയാണ് രസീത് ബുക്കുകൾ ഉപയോഗിച്ചിട്ടുള്ളത്. പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ലഭ്യമാക്കിയ രസീത് ബുക്കുകളിലെ രസീതുകളിൽ വൺസൈഡഡ് കാർബൺ ഉപയോഗിച്ചാണ് തുക പിരിച്ചെടുത്തിട്ടുള്ളത്.

3)വിവിധ രസീതുകളിൽ  പിരിച്ചെടുത്ത തുക രേഖപ്പെടുത്തിയിട്ടില്ല. ഉദാ-രസീത് നം.803,873,758,72

4)വിവിധ രസീതുകളിൽ തുക രേഖപ്പെടുത്തിയ ശേഷം അസൽ രസീത് കൂടാതെ രസീതുകൾ റദ്ദ് ചെയ്തിട്ടുണ്ട്.ഉദാ-756,773

5)വിവിധ രസീതുകളിൽ കാർബൺ ഉപയോഗിക്കുകയോ തീയതി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഉദാ-856 മുതൽ 875 വരെ, 751 മുതൽ 775 വരെ

6)രസീത് നമ്പർ 51, 810,811 രസീതുകൾ തുക രേഖപ്പെടുത്താതെ തുടർ രസീതുകൾ ഉപയോഗിച്ചിട്ടുണ്ട്.

7)രസീത് നമ്പർ ക്രമത്തിൽ ഓരോ ദിവസവും പിരിച്ചെടുത്ത തുകയുടെ വിവരം ഉൾപ്പെട്ട കളക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

8)ആകെയുള്ള 46 രസീത് ബുക്കുകളിൽ 14 രസീത് ബുക്കുകൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത് .

രേഖകളുടെ അഭാവത്തിൽ തുക ഒടുക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.57/03.102.2022 ന് ലഭിച്ച മറുപടിയിൽ രസീത് സൂക്ഷിപ്പിൽ അപാകങ്ങൾ ഉണ്ടെങ്കിലും മുഴുവൻ തുകയും ഒടുക്ക് വരുത്തിയിട്ടുണ്ടെന്നും രസീത് ബുക്കുകൾ ലഭ്യമാക്കാത്ത മെമ്പർമാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. രേഖകളുടെ സൂക്ഷിപ്പിൽ ഗുരുതരമായ വീഴ്ചയാണ് ഗ്രാമപഞ്ചായത്തിൽ സംഭവിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് മുഴുവൻ രേഖകളും വിശദമായ റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-42 പത്രപ്പരസ്യത്തിന് അധിക നിരക്ക് നൽകി- തുക തിരികെ ഈടാക്കേണ്ടതാണ്

വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യനിരക്ക് ജി.ഒ(ആർ.ടി).നം.551/15/I&PRD തീ.20.11.2015, ജി.ഓ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഓ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014 , ജി.ഓ (പി) നം.1/2019/I&PRD തീ.07.01.2019,ജി.ഓ (പി) നം.2/2020/I&PRD തീ.10.12.2020, ജി.ഓ (പി) നം.5/2021/I&PRD തീ. 11.10.2021 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. 2020-21,2021-22വർഷങ്ങളിലെ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരള കൗമുദി ദിനപ്പത്രത്തിൽ പത്രപ്പരസ്യം നൽകിയപ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകളിലല്ല തുക അനുവദിച്ചത്. കേരള കൗമുദി ഓഫീസിൽ നിന്നും ലഭിച്ച ഇൻവോയ്സുകളിൽ സ്ക്വയർ സെന്റീമീറ്ററിന് 304/- രൂപ നിരക്കിലും 320/- രൂപ നിരക്കിലുമാണ് തുക കണക്കാക്കിയിട്ടുള്ളത്. ജി.ഓ (പി) നം.2/2020/I&PRD തീ.10.12.2020,ജി.ഓ (പി) നം.5/2021/I&PRD തീ. 11.10.2021 എന്നീ ഉത്തരവുകൾ പ്രകാരം കേരള കൗമുദി തിരുവനന്തപുരം എഡിഷൻ നിരക്ക് സ്ക്വയർ സെന്റീമീറ്ററിന് 158 രൂപയാണ് (കാറ്റഗറി സി) നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ സർക്കാർ സ്ഥാപനങ്ങൾ പി.ആർ.ഡി. മുഖേനയല്ലാതെ നേരിട്ട് അച്ചടി മാധ്യമങ്ങൾക്ക് പരസ്യം നല്കേണ്ട പ്രത്യേക സാഹചര്യമുണ്ടായാൽ പരസ്യം പി.ആർ.ഡി മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട ദിനപ്പത്രങ്ങളിൽ മാത്രം നല്കേണ്ടതാണെന്നും പ്രസ്തുത സാഹചര്യങ്ങളിൽ പി.ആർ.ഡി. പരസ്യനിരക്കിൽ നിന്നും പരമാവധി 50% വരെ മാത്രമേ പരസ്യനിരക്കിൽ വർദ്ധന നല്കാൻ പാടുള്ളൂവെന്നും പരസ്യത്തുകയുടെ 15% ഡിസ്കൗണ്ട് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ പ്രസ്തുത നിരക്കുകളിൽ നിന്നും വ്യവസ്ഥകളിൽ നിന്നും വ്യത്യസ്ഥമായി കേരള കൗമുദി ദിനപത്രത്തിന് അധിക തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമം നം | വൗച്ചർ നം./തീ | ഇൻവോയ്സ് നം | വിസ്തീർണം ($cm^2$) | ബിൽപ്രകാരമുള്ള നിരക്ക് | ബിൽ തുക(@304 +5%GST) | പരമാവധി നല്കേണ്ടിയിരുന്ന തുക(@158+50% Hike-15% Dis.+5%GST) | അധികതുക |
|---|---|---|---|---|---|---|---|
| 1 | 22100291/13.07.2021 | BLTVM00351515/05.03.2020 | 24 | 304 | 7661 | 5077 | 2584 |
| 2 | 22100291/13.07.2021 | BLTVM00350619/16.02.2020 | 30 | 304 | 10214 | 6346 | 3868 |
| 3 | 22101367/31.03.2022 | BLTVM00375374/26.11.2021 | 32 | 320 | 10752 | 6769 | 3983 |
| 4 | 22101367/31.03.2022 | BLTVM00375346/25.11.2021 | 32 | 320 | 10752 | 6769 | 3983 |
| 5 | 22101367/31.03.2022 | BLTVM00375041/20.11.2021 | 24 | 320 | 8064 | 5077 | 2987 |
| 6 | 22101367/31.03.2022 | BLTVM00374409/07.11.2021 | 32 | 320 | 10752 | 6769 | 3983 |
| 7 | 22101367/31.03.2022 | BLTVM00371887/15.09.2021 | 32 | 320 | 10752 | 6769 | 3983 |
| 8 | 22101367/31.03.2022 | BLTVM00370137/07.08.2021 | 40 | 320 | 13440 | 8461 | 4979 |
| 9 | 22101367/31.03.2022 | BLTVM00380673/09.03.2021 | 24 | 320 | 8064 | 5077 | 2987 |
| | | | ആകെ | | | | 33337/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ അധികെ തുക തിരികെ ലഭ്യമാക്കുന്നതിന് കേരളകൗമുദി പത്രം ഓഫീസിൽ കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. അധിക തുക (ആകെ 33337/-രൂപ) തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-43 ദേശീയ പെൻഷൻ പദ്ധതി വിഹിതം ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

കോവിഡിന്റെ ഭാഗമായി 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ ജീവനക്കാരുടെ മാറ്റിവെച്ച ശമ്പളം തിരികെ നൽകുമ്പോൾ ദേശീയ പെൻഷൻ പദ്ധതിയുടെ ഭാഗമായ ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്യുന്നതിന് സ.ഉ(അ).നം.122/2021/ധന തീ.01.09.2021, സർക്കുലർ നം.71/2021/ധന തീ. 03.09.2021പ്രകാരം നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ പ്രകാരം 2020 മാർച്ച് മാസത്തിലെ എൻ.പി.എസ് കോൺട്രിബ്യൂഷന് തുല്യമായ തുക Deferred Salaryയുടെ അവസാന ഗഡുവിൽ നിന്നും കുറവ് ചെയ്യേണ്ടതും തുല്യമായ സർക്കാർ വിഹിതവും ചേർത്ത് പ്രാൺ അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന ജീവനക്കാരുടെ എൻ.പി.എസ് വിഹിതം കുറവ് ചെയ്ത് ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി Deferred Salary 2020-21 വർഷത്തിൽ ഒറ്റ ഗഡുവായാണ് ജീവനക്കാർക്ക് തിരികെ നൽകിയത്)

| ക്രമ നം | പേര് | തസ്തിക |
|---|---|---|
| 1 | രാജേഷ് കുമാർ കെ.പി | ക്ലർക്ക് |
| 2 | ഷമീം | ഓഫീസ് അറ്റൻഡന്റ് |
| 3 | സുമയ്യ | ഓഫീസ് അറ്റൻഡന്റ് |
| 4 | വിഷ്ണുകുമാർ | ഡ്രൈവർ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (58/03.10.2022) മറുപടിയിൽ തുക ഒടുക്ക് വരുത്തിയതിന്റെ രേഖകൾ പരിശോധിച്ച് ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-44 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ചിറയിൻകീഴ് ഗ്രാമ പഞ്ചായത്തിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച (നമ്പർ - 39/01.10.2022 ) ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചവയെല്ലാം സചിത്ര സോഫ്റ്റ് വെയറിൽ കാലികമാക്കിയിട്ടുണ്ട് എന്നും നിലവിൽ സചിത്ര സോഫ്റ്റ് വെയർ വെബ് ബേസ്ഡ് ആക്കുന്നതിന്റെ ഭാഗമായി ടി. സോഫ്റ്റ്വെയറിൽ നിന്നും റിപ്പോർട്ടുകൾ എടുക്കുന്നതിന് മാത്രമേ സാധിക്കുകയുള്ളുവെന്നും നിലവിൽ കാലികമാക്കാൻ സാധിക്കുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-45 തുമ്പൂർമൂഴി മോഡൽ എയ്റോബിക് ബിൻ - പാർവതീപുരം മാർക്കറ്റിൽ പ്രവർത്തനം ആരംഭിച്ചില്ല

2021-22 വാർഷിക പദ്ധതി പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതിയായിരുന്ന "തുമ്പൂർമൂഴി മോഡൽ മാർക്കറ്റിൽ എയ്റോബിക് ബിൻ സ്ഥാപിക്കൽ" പദ്ധതി പ്രകാരം ആകെ 531,180/ രൂപ ചെലവഴിച്ച് ലക്ഷ്മി പുരം മാർക്കറ്റ്- വലിയകട, പാർവ്വതീപുരം മാർക്കറ്റ്- പണ്ടകശാല എന്നിവിടങ്ങളിൽ തുമ്പൂർമൂഴി മോഡൽ എയ്റോബിക് ബിൻ സ്ഥാപിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

01.10.22 ൽ ഓഡിറ്റ് ടീം, അസിസ്റ്റന്റ് എഞ്ചിനീയർ ഓഫിസിലെ ഉദ്യോഗസ്ഥർ എന്നിവർ നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ ലക്ഷ്മി പുരം മാർക്കറ്റ്- വലിയകടയിൽ തുമ്പൂർമൂഴി മോഡൽ എയ്റോബിക് ബിൻ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. പരിപാലനത്തിനായി ഒരു ജീവനക്കാരനെ നിയോഗിച്ചിട്ടുണ്ട്. പണ്ടകശാല മാർക്കറ്റിൽ (പാർവ്വതീപുരം മാർക്കറ്റ്) -തുമ്പൂർമൂഴി മോഡൽ എയ്റോബിക് ബിൻ - പ്ലാന്റ് പ്രവർത്തിക്കുന്നില്ല. പ്ലാന്റിനകത്തും പുറത്തുമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ കുന്നു കൂടി കിടക്കുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ മാർക്കറ്റിനകം നിറയെ കുന്നു കൂട്ടിയിട്ടിരിക്കുന്നതു കാരണം തുമ്പൂർമൂഴി മോഡൽ എയ്റോബിക് ബിൻ പ്ലാന്റിനടുത്തേയ്ക്ക് പോലും പോകാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്.



തുമ്പൂർമൂഴി മോഡൽ എയ്റോബിക് ബിൻ - പ്ലാന്റ് പ്രവർത്തിക്കാത്തതു കാരണം ഇതിലേയ്ക്കായി പാർവ്വതീപുരം മാർക്കറ്റ്- പണ്ടകശാലയിൽ ചെലവഴിച്ച തുക നിഷ്ക്രിയ ആസ്തിയായി തുടരുന്നു.
ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( നം. 41/03.10.2022) ലഭ്യമാക്കിയ മറുപടിയിൽ പാർവ്വതീപുരം മാർക്കറ്റും ഷോപ്പിംഗ് കോംപ്ലക്സും ഉൾപ്പെടുന്ന പ്രദേശം ഗ്രാമ പഞ്ചായത്തിന്റെ താത്കാലിക എം സി എഫ് ആയാണ് പ്രവർത്തിച്ചു വരുന്നത് എന്നും നിലവിൽ പാർവ്വതീപുരം മാർക്കറ്റ് പ്രവർത്തിക്കാത്തതു കൊണ്ടാണ് തുമ്പൂർമൂഴി പ്രവർത്തനം ആരംഭിക്കാത്തത് എന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്.

2021-22 വർഷവും പാർവ്വതീപുരം മാർക്കറ്റ് ലേലം ചെയ്തു നൽകിയിട്ടുണ്ട്. നിലവിൽപാർവ്വതീപുരം മാർക്കറ്റിന് മുൻ വശത്തുള്ള റോഡരികിലാണ് മാർക്കറ്റ് പ്രവർത്തിക്കുന്നത്. അവിടെ നിന്നുള്ള മാലിന്യങ്ങൾ മാർക്കറ്റിനുള്ളിലേയ്ക്ക് വലിച്ചെറിയുന്ന സാഹചര്യമാണുള്ളത്. തുമ്പൂർമൂഴി മോഡൽ എയ്റോബിക് ബിൻ പ്രവർത്തനം ആരംഭിച്ചാൽ ജൈവ മാലിന്യങ്ങൾ സംസ്കരിക്കാൻ കഴിയുന്നതാണ്. ആയതിനാൽ അടിയന്തിരമായി തുമ്പൂർമൂഴി മോഡൽ എയ്റോബിക് ബിൻ അടിയന്തിരമായി പ്രവർത്തനം ആരംഭിച്ച് തൃപ്തികരമായി പരിപാലനം നടത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-46 മിനി എം സി എഫുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യുന്നില്ല

2021-22 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധിയായിരുന്ന എല്ലാ വാർഡുകളിലും മിനി എം സി എഫ് സ്ഥാപിക്കൽ. 1181170 രൂപാ ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ച് ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. 01.10.22 ൽ ഓഡിറ്റ് ടീം, അസിസ്റ്റന്റ് എഞ്ചിനീയർ ഓഫിസിലെ ഉദ്യോഗസ്ഥർ എന്നിവർ നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള മിനി എം.സി.എഫുകളിൽ ( ഉദാ:- പണ്ടകശാല മാർക്കറ്റിൽ (പാർവ്വതീപുരം മാർക്കറ്റ്) , ശാർക്കര വാർഡ് ) പ്ലാസ്റ്റിക്

മാലിന്യങ്ങൽ മിനി എം.സി.എഫിനകത്തും പുറത്തുമായി സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. പുനരുപയോഗത്തിനായി അവ യഥാസമയം നീക്കം ചെയ്യുന്നില്ല.



ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( നം. 43/03.10.2022) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്ത് ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് എന്നും കമ്പനി ജൂലൈ മാസം വരെയുള്ള മാലിന്യങ്ങൽ മാറ്റിയിട്ടുണ്ട് എന്നും അതിന് ശേഷം മാലിന്യം ശേഖരിക്കാൻ വാഹനം എത്തിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. സെപ്റ്റംബറിൽ വാഹനം എത്തുമെന്ന് അറിയിച്ചിരുന്നുവെങ്കിലും എത്തിയില്ല എന്നും അറിയിച്ചു. ഹരിത കർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമായി ഉള്ളതു കൊണ്ടാണ് മാലിന്യത്തിന്റെ അളവ് കൂടിയതെന്നും സെക്രട്ടറി അറിയിച്ചു.

അജൈവ മാലിന്യങ്ങൾ മിനി എം സി എഫിന് പുറത്തായി അലക്ഷ്യമായി നിക്ഷേപിക്കാതെ അവ യഥാസമയം തന്നെ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-47 ഓഡിറ്റ് ഇംപാക്ട്- കരാറുകാരന് 1483/- രൂപ അധികമായി നൽകിയത് തിരികെ ഒടുക്കുവരുത്തി

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 1601.1.6. പ്രകാരം സാങ്കേതികാനുമതി ലഭ്യമായ ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും ഏതെങ്കിലും ഇനം ഒഴിവാക്കലും കൂട്ടിച്ചേർക്കലും ആവശ്യമായി വരുന്ന സംഗതിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും 5% അധികമായാലും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചുവടെ പറയുന്ന പ്രവൃത്തിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ 5% ൽ അധികമായി തുക നൽകി.

| | |
|---|---|
| പ്രോജക്ട് | ചക്കുവിളാകം പാലവിള LPS റോഡ് നവീകരണം ( 171/21-22) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ തുക | 50000/- |
| ചെലവ് തുക | 29405/- |
| കരാറുകാരൻ | ശ്രീ. ശ്രീജിത്ത്.എസ് |
| ബിൽ നം, തീയതി , തുക | 29/21-22, 08.03.22, 29405/- |
| എം ബുക്ക് നമ്പർ | 132/21-22 |

| പ്രവൃത്തി ഇനം | DSR കോഡ് | എസ്റ്റിമേറ്റ് അളവ് | എം ബുക്കിലെ അളവ് | അനുവദിക്കാവുന്ന അളവ് | അധികം അളവ് | നിരക്ക് | ആകെ തുക | അധികമായി നൽകിയ തുക |
|---|---|---|---|---|---|---|---|---|
| ഇനം 3 Concrete | Od931529/20-21 | .900 Cum | 1.181 Cum | .945 Cum | .236 Cum | 6284.44 | 7421.92 | 1483.02 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നമ്പർ 31/01.10.2022) നൽകിയതിനെ തുടർന്ന് 1483/- അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് നിർദ്ദേശം നൽകുകയും തുക കരാറുകാരൻ ഗ്രാമ പഞ്ചായത്തിൽ ഒടുക്കുവരുത്തി ( രസീത് നം 12201020070/G010303 Dated 07.10.2022 ) .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 34000 | കേദാരം സമഗ്ര നെൽകൃഷി വികസനം | 34000 | 0 |
| | | 0 | 170000 | കേദാരം സമഗ്ര നെൽകൃഷി വികസനം രണ്ടാം വിള | 170000 | 0 |
| | | 0 | 120000 | ന്യൂ ലൈഫ് | 120000 | 0 |
| | | 0 | 600000 | ലൈഫ് ഭവന പദ്ധതി പട്ടിക ജാതി | 600000 | 0 |
| | | 0 | 240000 | ലൈഫ് ഭവന പദ്ധതി മത്സ്യത്തൊഴിലാളി | 240000 | 0 |
| | | 0 | 349125 | സ്നേഹസ്പർശം മാനസിക വെല്ലുവിളി - സ്കോളർഷിപ്പ് | 349125 | 0 |
| | | 0 | 86871 | ക്ഷീരസമൃദ്ധി വനിത | 86871 | 0 |
| | | 0 | 217953 | ക്ഷീര സമൃദ്ധി ജനറൽ | 217953 | 0 |
| | | 1144762 | - | മുൻവർഷത്തെ പ്രോജക്ടുകൾ | - | 1144762 |
| ആകെ | | 1144762 | 1817949 | | 1817949 | 1144762 |
| ജില്ലാ പഞ്ചായത്ത് | | 0 | 160000 | ന്യൂ ലൈഫ് എസ്.ഒ | 160000 | 0 |
| | | 0 | 320000 | ലൈഫ് ഭവന പദ്ധതി പട്ടിക ജാതി | 320000 | 0 |
| | | 0 | 400000 | ലൈഫ് ഭവന പദ്ധതി മത്സ്യത്തൊഴിലാളി | 400000 | 0 |
| | | 0 | 335250 | സ്നേഹസ്പർശം മാനസിക വെല്ലുവിളി - സ്കോളർഷിപ്പ് | 335250 | 0 |
| | | 0 | 24723 | ക്ഷീരസമൃദ്ധി വനിത | 24723 | 0 |
| | | 0 | 10000 | ക്ഷീര സമൃദ്ധി ജനറൽ | 10000 | 0 |
| | | 152300 | - | മുൻവർഷത്തെ പ്രോജക്ടുകൾ | - | 152300 |
| ആകെ | | 152300 | 1249973 | | 1249973 | 152300 |

| | 2020-21 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP-7, RP-31 + പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2021-22 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1144762 | 1817949 | 2962711 | 1817949 | 1144762 | 1144762 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 152300 | 1249973 | 1402273 | 1249973 | 152300 | 152300 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2021-22 | | | | | |
| കേരള വാട്ടർ അതോറിറ്റി | 3361387 | ഇല്ല | | | | 293790* | 3067597 |
| കെ.എസ്.ഇ.ബി | 3149404 | 238/22 സ്ട്രീറ്റ്മെയിൻ നീട്ടലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 216887 | 0 | 216887 | 0 | 3366291 |

| | 2020-21 B-18 ,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം RP-47 | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | നീക്കിയിരിപ്പ് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 3361387 | - | 3361387 | 293790 | 3067597 | 3067597 |
| കെ.എസ്.ഇ.ബി | 3149404 | 216887 | 3366291 | - | 3366291 | 3366291 |

* വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയിൽ 293790/- രൂപ തിരികെ ഈടാക്കിയിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാ രംഭത്തിൽ തിരിച്ചട യ്ക്കുവാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | സ.ഉ.(കൈ)68/2018/തസ്വഭവ തീ.18.05.2018 | 7310666 | 996000 | 1334666 | 6972000 |
| മിത്രം ഭവന വായ്പ | ജി.ഒ (എം.എസ്)നം.207/2009 തീ.07.11.2009 | 10500000 | - | 1126472 | 9373528 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 14085200.87 |
| ഓഡിറ്റ് വർഷത്തെ വരവ് | 106563578.00 |
| ആകെ | 120648778.87 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 96311860.00 |

| | |
|---|---|
| നീക്കിയിരിപ്പ് | 24336918.87 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,91,915 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗ പേരും |
|---|---|---|
| 1-36 | 1,75,700 | ശ്രീമതി. ബീന .പി.എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ |
| | 16,215 | ശ്രീ. പ്രഭുലാൽ .ആർ.എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

ബാധകമല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ/എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | ഖ. 3.13 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | ഖ. 3.10 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | ഖ. 3.5, ഖ. 3.11 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | ഖ. 2.8 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1180/2018, 4.6.18 | ഖ. 2.1, ഖ. 2.4, ഖ. 3.5, ഖ. 3.13 |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/ 1399/2016, 03.08.2016 | ഖ. 2.3, ഖ. 3.5, ഖ. 3.10, ഖ. 3.20 |
| 2015-16 | നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.8/2196 /2016, 28.12.2016 | ഖ. 2.2 (ബി), ഖ. 2.4, ഖ. 3.1, ഖ. 3.5 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8/1615/2017, 04.08.2017 | ഖ. 2.1, ഖ. 3.9 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8/2548/2018, 01.02.2019 | 34 എണ്ണം |

| | | |
|---|---|---|
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1034(1)/2019, 30.07.2019 | 22 എണ്ണം |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8/1683/2021, 31.12.2021 | 44 എണ്ണം |
| 2020-21 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1732/2021 | 39 എണ്ണം |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്